No/9/2020/SRG/LSGD(CC-1)

# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 27.05.2020-ൽ നടന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്

യോഗം ഉച്ചകഴിഞ്ഞ് 2.30-ന് സെക്രട്ടേറിയറ്റിലെ ഡർബാർ ഹാളിൽ ആരംഭിച്ചു. ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1. തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2020-21-ലെ വാർഷിക പദ്ധതി പുരോഗതി -

27.05.2020 വരെയുള്ള ആകെ പദ്ധതി ചെലവ് 17.37 ശതമാനമാണ്. ട്രഷറികളിൽ സമർപ്പിച്ച ബില്ലുകൾ കൂടി ചേർത്താൽ ഇത് 19.70 ശതമാനമാണ്.
ഏപ്രിൽ 18-നു ശേഷം സമർപ്പിച്ച ബില്ലുകളുടെ ചെലവ് 2.60 ശതമാനമാണ്.

കഴിഞ്ഞവർഷത്തെ ബില്ലുകളിൽ ഏപ്രിൽ 18 വരെ ട്രഷറിയിൽ സമർപ്പിക്കപ്പെട്ട ബില്ലുകളിൽ ഏകദേശം 11000 എണ്ണം ഇപ്പോഴും പെന്റിംഗ് ആണ്. ഇവയുടെ ഫിസിക്കൽ കോപ്പി (ഔട്ടർ ബില്ലിന്റെ കോപ്പി) ട്രഷറിയിൽ നൽകി ടോക്കൺ വാങ്ങാത്തതിനാലാണ് ബിൽ മാറാത്തതെന്ന് ധനവകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു. ഈ പ്രശ്നം അടിയന്തിരമായി പരിഹരിക്കണം. ഇന്നുതന്നെ പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ, തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ എന്നിവർ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകണം. ഇതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കാൻ വകുപ്പ മേധാവികളെ ചുമതലപ്പെടുത്തി. മുകളിൽ പറഞ്ഞ നടപടിക്രമങ്ങൾ മേയ് 31-നകം പൂർത്തിയാക്കി എത്ര ബില്ലുകൾ ഇനി മാറാനുണ്ട് എന്നതിന്റെ വിവരം പ്രിൻസിപ്പൽ സെക്രട്ടറിക്ക് റിപ്പോർട്ട് ചെയ്യണം.

## 2. മുൻ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

### 2.1 06.12.2019-ലെ കോഓർഡിനേഷൻ കമ്മിറ്റിയിലെ തുടർ നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

### 2.1(4.44) മലപ്പുറം ജില്ലാ പഞ്ചായത്ത്

**മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 22.10.2019-ലെ കത്ത് (SRG 1029/19 - LSGD - DB4 - 276/19/LSGD)**

***പ്രോ.നം. 2006/20*** ***അടങ്കൽ - 10,00,000/- രൂപ (തനത് ഫണ്ട്)***

***പേര് - ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ലൈഫ് എക്സ്പീരിയൻസ് പാർക്ക്***

ജില്ലയിലെ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് അവരുടെ ശേഷി വർദ്ധിപ്പിക്കാനും പൊതുവായ കാര്യങ്ങളിൽ സാമാന്യമായ അറിവ് നേടിക്കൊടുക്കുന്നതിനും

സഹായകരമായ ലൈഫ് എക്സ്പീരിയൻസ് പാർക്ക് സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്. ജില്ലാ ആസൂത്രണസമിതിയും വെറ്റിംഗ് ഓഫീസറും അംഗീകാരം നൽകിയ പ്രോജക്ടാണ്. വളാഞ്ചേരിക്കടുത്ത് പുറമണ്ണൂർ എന്ന സ്ഥലത്ത് സന്നദ്ധ സംഘടന നടത്തുന്ന സർക്കാർ അംഗീകാരമുള്ള VKM സ്പെഷ്യൽ സ്കൂളിലാണ് ഇത് തുടങ്ങാൻ ഉദ്ദേശിക്കുന്നത്. ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ സാമൂഹ്യ നീതി ഡയറക്ടറെ ചുമതലപ്പെടുത്തിയതനുസരിച്ച് ഡയറക്ടർ റിപ്പോർട്ട് നൽകി.

**തീരുമാനം:-** ഇതിന് അനുമതി പരിഗണിക്കാവുന്നതല്ല എന്ന സാമൂഹ്യനീതി ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ അനുമതി നിരസിച്ചു.

**നടപടി- തദ്ദേശസ്വയംഭരണ (ഡി.ബി വകുപ്പ്**

**2.2 28.01.2020-ലെ കോഓർഡിനേഷൻ കമ്മിറ്റിയിലെ തുടർ നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

2.2 (3.1)(V)

വയനാട് ജില്ലയിൽ നിർമ്മാണ പ്രവർത്തനത്തിന് ആവശ്യമായ സാധന സാമഗ്രികൾ മറ്റ് ജില്ലകളിൽ നിന്നാണ് കൊണ്ടുവരുന്നത്. അതിനാൽ കൺവെയൻസ് ചാർജ്ജ് വളരെ കൂടുതലാണ്. ഈ കാരണത്താൽ നിർമ്മാണ പ്രവൃത്തികൾ ടെണ്ടർ പോകാൻ ബുദ്ധിമുട്ടാണ്. വയനാട് ജില്ലയിലേയും ഇതേപോലെ മറ്റ പ്രദേശത്തേയും സ്ഥിതി പരിശോധിച്ച് വിശദാംശങ്ങൾ ശേഖരിച്ച് പരിഗണനയ്ക്കായി ധനവകുപ്പിന് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരുന്നു. ഇതു സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് നൽകി.

റിപ്പോർട്ട് :- വയനാട് ജില്ലയിൽ ക്വാറികൾ പ്രവർത്തിക്കാത്തതിനാൽ പാറ, മെറ്റൽ തുടങ്ങിയവ കണ്ണൂർ കോഴിക്കോട് ജില്ലയിൽ നിന്നാണ് വരുന്നത്. ഇതിന് ശരാശരി 110 കി.മി കൺവെയൻസ് വരും. കണ്ണൂർ, കോഴിക്കാട് ജില്ലകളിൽ കോസ്റ്റ് ഇൻഡക്സ് യഥാക്രമം 132.04, 131.06 എന്നിങ്ങനെയാണ്. എന്നാൽ 110 കി.മി. അധികം കൺവെയൻസോടെ വയനാട് ജില്ലയിൽ കോസ്റ്റ് ഇൻഡക്സ് 132.04 ആണ്. സമാന പ്രശ്നം നേരിടുന്ന ഇടുക്കിയിൽ 148.71 ആണ് കോസ്റ്റ് ഇൻഡക്സ്. ഇതിനു സമാനമായ ഉയർന്ന കോസ്റ്റ് ഇൻഡക്സ് വയനാടിനും അനുവദിക്കണമെന്ന് വകുപ്പ് ചീഫ് എഞ്ചിനീയർ ശുപാർശ ചെയ്തു.

**തീരുമാനം:-** ഇത് ധനവകുപ്പിന്റെ അംഗീകാരത്തിനു നൽകാൻ തീരുമാനിച്ചു. കൂടാതെ സമാന പ്രശ്നം നേരിടുന്ന മറ്റ പ്രദേശങ്ങൾ സംബന്ധിച്ചും പരിശോധിച്ച് റിപ്പോർട്ട് ധനവകുപ്പിന്റെ പരിഗണനയ്ക്ക് നൽകാൻ ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി.

**നടപടി- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

2.2 (3.1)(viii)

കന്നുകുട്ടി പരിപാലനത്തിന്റെ ഭാഗമായി മൃഗ സംരക്ഷണ വകുപ്പ് കാലിത്തീറ്റ നൽകുന്നുണ്ട്. മൃഗസംരക്ഷണ വകുപ്പ് കേരള ഫീഡ്സിൽ നിന്ന് കാലിത്തീറ്റ മൊത്തമായി വാങ്ങി വിതരണം ചെയ്യുന്ന രീതിയാണ് നിലനിൽക്കുന്നത്. എന്നാൽ ധനവകുപ്പിന്റെ ഉത്തരവ് പ്രകാരം ധനസഹായം ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്കാണ് പോകേണ്ടത്. അതിനാൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കാലിത്തീറ്റിയ്ക്കുള്ള തുക മൃഗ സംരക്ഷണ വകുപ്പിന് കൈമാറാനുള്ള (Deposit) ബിൽ ട്രഷറികളിൽ പാസാക്കുന്നില്ല. ഈ പ്രശ്നം പരിഹരിക്കാൻ ഇടപെടണമെന്ന് ധനവകുപ്പിനോടാവശ്യപ്പെടാൻ തീരുമാനിച്ചിരുന്നു. ഫയൽ ധനവകുപ്പിന്റെ പരിഗണനയിലാണ്. യോഗത്തിൽ ഹാജരായിരുന്ന മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടേയും ധന വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ കൂടി അഭിപ്രായ പ്രകാരം താഴെപ്പറയുന്ന തീരുമാനമെടുത്തു.

**തീരുമാനം:-** മുൻകാലങ്ങളിൽ ചെയ്തതുപോലെ കാലിത്തീറ്റ വാങ്ങുന്നതിന് മൃഗസംരക്ഷണ വകുപ്പ് ജോയിന്റ് ഡയറക്ടറുടെ പേരിൽ (ജില്ലാതലത്തിൽ) സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ടിലേയ്ക്ക് മറ്റു തദ്ദേശഭരണ സ്ഥാപനങ്ങൾ തുക കൈമാറുന്നതിന് ക്രമീകരണം ചെയ്യാൻ തീരുമാനിച്ചു. ഇതിനുള്ള അനുമതി നൽകണമെന്ന് ധനവകുപ്പിനോടാവശ്യപ്പെടാൻ തീരുമാനിച്ചു.

**നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) ധനവകുപ്പ്**

**2.2(3.3)** ജില്ലാ ആസൂത്രണസമിതി അംഗങ്ങൾക്ക് ഒരു ജില്ലാ ആസൂത്രണസമിതി യോഗത്തിൽ പങ്കെടുക്കുന്നതിന് സിറ്റിംഗ് ഫീയും യാത്രാ ബത്തയും ചേർത്ത് 1000 രൂപ നൽകാൻ കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റാണ് ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷൻ. എന്നാൽ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷന് സിറ്റിംഗ് ഫീയും യാത്രാ ബത്തയും നൽകുന്നില്ല. ജില്ലാ ആസൂത്രണസമിതി ചെയർമാൻ മറ്റു പല കമ്മിറ്റികളുടേയും അദ്ധ്യക്ഷൻ കൂടിയാണ്. ഈ സാഹചര്യത്തിൽ ജില്ലാ ആസൂത്രണ സമിതി ചെയർമാൻ എന്ന നിലയിൽ ജില്ലാ ആസൂത്രണസമിതി യോഗത്തിൽ അടക്കം വിവിധ കമ്മിറ്റികളിൽ പങ്കെടുക്കുന്നതിന് സിറ്റിംഗ് ഫീ എന്ന നിലയിൽ പ്രതിമാസം 15,000/-രൂപ നൽകണമെന്നു സംബന്ധിച്ച് പിന്നീട് പരിഗണിക്കാം എന്ന് ധനവകുപ്പ് അറിയിച്ചു.

**നടപടി- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**2.2(3.6)** സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ബഡ്സ് സ്കൂളുകളുടെ പ്രവർത്തനം സാമൂഹ്യ നീതി ഡയറക്ടറും കുടുംബശ്രീയും പ്രത്യേകം പരിശോധിക്കണം.

മുൻ കോഓർഡിനേഷൻ കമ്മിറ്റിയിൽ നിർദ്ദേശിച്ചതനുസരിച്ച് ബഡ്സ് സ്കൂളുകളുടെ ജില്ല തിരിച്ച് വിവരങ്ങൾ യോഗത്തിൽ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അവതരിപ്പിച്ചു.

| ക്രമ നം | ജില്ല | ബഡ്സ് സ്കൂളുകളുടെ എണ്ണം (ജില്ല തിരിച്ച് ) | സർക്കാർ ഉത്തരവ് പ്രകാരമുള്ള നിരക്കിൽ വേതനം നൽകാത്ത സ്ഥാപനങ്ങൾ എണ്ണം |
|---|---|---|---|
| 1 | തിരുവനന്തപുരം | 36 | 15 |
| 2 | കൊല്ലം | 25 | 2 |
| 3 | പത്തനംതിട്ട | 7 | 3 |
| 4 | ആലപ്പുഴ | 20 | 6 |
| 5 | കോട്ടയം | 2 | 2 |
| 6 | ഇടുക്കി | 2 | 1 |
| 7 | എറണാകുളം | 35 | 5 |
| 8 | തൃശ്ശൂർ | 12 | 4 |
| 9 | പാലക്കാട് | 25 | 12 |
| 10 | മലപ്പുറം | 34 | 20 |
| 11 | കോഴിക്കോട് | 36 | 12 |
| 12 | വയനാട് | 11 | 6 |
| 13 | കണ്ണൂർ | 24 | 6 |
| 14 | കാസർഗോഡ് | 12 | 4 |
| | ആകെ | 281 | 98 |

നല്ല നിലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ പോലും ജീവനക്കാർക്ക് ഓണറേറിയം മുടങ്ങുന്നതടക്കമുള്ള പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട് എന്ന് യോഗം വിലയിരുത്തി. ഇവ പരിശോധിച്ച് പ്രത്യേക ഇടപെടൽ വകുപ്പുതലത്തിൽ നടത്തണം.

**നടപടി :- 1) സാമൂഹ്യനീതി ഡയറക്ടർ**
**2) എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ**
**3) തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

## 2.2 (4.25) പോത്താനിക്കാട് ഗ്രാമപഞ്ചായത്ത്

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04.11.2019-ലെ കത്ത് ( 2 എണ്ണം)**
**ശുചിത്വ മിഷൻ എറണാകുളം ജില്ലാ കോഓർഡിനേറ്ററുടെ 19.10.2019-ലെ 700/ SBM/SLWM/2019 - ാം നമ്പർ കത്തും ( SRG 948/19 - CC /470/2019/)**

***പ്രോ.നം. 110/19 അടങ്കൽ 10,00,000/- രൂപ***
***(കേന്ദ്രാവിഷ്കൃത വിഹിതം)***

***പേര്:-പഞ്ചായത്തിന്റെ പരിധിയിലുള്ള സ്കൂളുകൾക്ക് ഖരദ്രവ മാലിന്യ സംസ്കരണ പദ്ധതികൾ***

ജില്ലാ ആസൂത്രണസമിതി അംഗീകരിച്ച ഈ പ്രോജക്ട് ശുചിത്വ മിഷന്റെ സർവീസ് പ്രൊവൈഡറായ 'പ്രകൃതി ആലുവ' എന്ന ഏജൻസി മുഖേന സ്കൂളുകളിൽ നടപ്പാക്കി. എന്നാൽ ശുചിത്വ മിഷനിൽ നിന്നും സാങ്കേതികാനുമതി വാങ്ങിയിരുന്നില്ല. അതിനാൽ തുക നൽകാൻ കഴിഞ്ഞില്ല. ഈ വീഴ്ച മാപ്പാക്കി തുക വിനിയോഗിക്കാൻ അനുമതി സംബന്ധിച്ച് .

ഇതു പരിശോധിച്ച് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ റിപ്പോർട്ട് നൽകി.

**റിപ്പോർട്ട്:-** ശുചിത്വ മിഷന്റെ സാങ്കേതികാനുമതി വാങ്ങാതെയാണ് ഇതു നടപ്പാക്കിയത്. എന്നാൽ സ്കൂളുകളിൽ സ്ഥാപിച്ച യൂണിറ്റുകൾ മികച്ച രീതിയിലാണ് പ്രവർത്തിക്കുന്നത്

**തീരുമാനം:-** ശുചിത്വ മിഷൻ എക്സിക്യൂട്ട് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുക വിനിയോഗിക്കാൻ അനുമതി നൽകുന്നു.

**നടപടി:-1)തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**2.2(4.68 ) കണ്ണൻ ദേവൻ ഹിൽ പ്ലാന്റേഷൻ പ്രദേശത്തെ സ്കൂളുകളിൽ മേൽക്കൂര മാറ്റൽ**

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.01.20-ലെ കത്തും KDHP കമ്പനിയുടെ 11.11.2019-ലെ 612-ാം നമ്പർ കത്തും (SRG 79/20 CC/56/20)**

മൂന്നാർ, ദേവികുളം, പള്ളിവാസൽ, ചിന്നക്കനാൽ, എന്നീ ഗ്രാമ പ്രദേശങ്ങളിലായി ആകെ 34 സ്കൂളുകൾ KDHP നടത്തുന്നുണ്ട്. ഇതിൽ മൂന്നാറിൽ 10, ദേവികുളത്ത് 11, പള്ളിവാസലിൽ 1, ചിന്നക്കനാലിൽ 2 സ്കൂളുകൾക്ക് ആസ്ബറ്റോസ് മേൽക്കൂരയാണ്. ബഹു. കേരള ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പൊതു വിദ്യാഭ്യാസ വകുപ്പിന്റെ 09.10.2019-ലെ 162/2019/ GEDN നമ്പർ ഉത്തരവ് പ്രകാരം രണ്ടു വർഷത്തിനകം ആസ്ബറ്റോസ് മേൽക്കൂര മാറ്റി പകരം അനുയോജ്യമായ മേൽക്കൂര സ്ഥാപിക്കണമെന്നുണ്ട്. കമ്പനിക്കു സാമ്പത്തിക പ്രതിസന്ധി ഉള്ളതിനാൽ അതത് ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി വിഹിതം ഉപയോഗിച്ച് മേൽക്കൂര മാറ്റണമെന്ന് കമ്പനി ആവശ്യപ്പെട്ടിരിക്കുന്നു. ഇതിന് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകണമെന്ന ആവശ്യം സംബന്ധിച്ച്

മുകളിൽ പറഞ്ഞ പ്രവർത്തി കമ്പനിയുടെ ചുമതലയാണ് എന്ന് യോഗം വിലയിരുത്തി. കമ്പനിയുമായി ചർച്ച ചെയ്ത് ഈ പ്രവർത്തി കമ്പനി തന്നെ ചെയ്യുന്നതിന്റെ സാധ്യത പരിശോധിക്കാൻ ഇടുക്കി ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി. ഇടുക്കി ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തൊഴിൽ വകുപ്പുമായി ചർച്ച ചെയ്ത് പരിഗണിക്കാൻ തീരുമാനിച്ചു.

തുടർ നടപടിക്കായി റിപ്പോർട്ട് വാങ്ങി നൽകാൻ പഞ്ചായത്ത് ഡയറക്ടറോട് നിർദ്ദേശിച്ചു.

**നടപടി :- 1)പഞ്ചായത്ത് ഡയറക്ടർ**
**2)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**2.3 25.02.2020-ലെ കോഓർഡിനേഷൻ കമ്മിറ്റിയലെ തുടർ നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

2.3(3.5) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ചു നൽകുന്നതിന് മൂന്നു ഗഡുക്കളായാണ് തുക നൽകുന്നത്. അവസാന ഗഡു നൽകുന്നത് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിലെ ഒരു എഞ്ചിനീയർ/ഓവർസീയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിലാണ്. എന്നാൽ ചില കേസുകളിൽ പഠനമുറിയിൽ നടത്തിയിരിക്കുന്ന വയറിംഗിന്റെ ചെലവ് വാല്യുവേഷനിൽ ഉൾപ്പെടുത്താറില്ല എന്ന് യോഗം വിലയിരുത്തി. ഈ ഇനത്തിൽ നൽകേണ്ട ശരാശരി ചെലവ് എത്രയാണെന്ന് പരിശോധിച്ചു

റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയ പ്രകാരം റിപ്പോർട്ട് നൽകി.

**റിപ്പോർട്ട്**:- ലൈറ്റ്, ഫാൻ, പ്ലഗ് പോയിന്റടക്കം ശരാശരി 9100/-രൂപയാണ് ചെലവ്.

**തീരുമാനം:-** പഠനമുറിയിൽ ഇത്തരം പ്രവൃത്തികൾ ചെയ്തിട്ടുണ്ടെങ്കിൽ പ്രത്യേക വാല്യുവേഷൻ കൂടാതെ പരമാവധി 9100/- രൂപ കൂടി ഉൾപ്പെടുത്തി വാല്യുവേഷൻ തുകയിൽ ചേർക്കാവുന്നതാണ്. എന്നാൽ പരമാവധി തുക 2.00 ലക്ഷത്തിൽ പരിമിതപ്പെടുത്തേണ്ടതാണ്

**നടപടി- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 2.3 (4.2 ) കൊല്ലം കോർപ്പറേഷൻ

**കൊല്ലം കോർപ്പറേഷൻ മേയറുടെ 17.09.2019-ലെ PC1/37176/19 -ാം നമ്പർ കത്ത്. (SRG 49/20/LSGD - BC3/676/2019 - LSGD)**

കൊല്ലം കോർപ്പറേഷനിൽ സദ്ഭരണവുമായി ബന്ധപ്പെട്ട് പ്രവർത്തികൾ ചെയ്യുന്നത് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റി മുഖേനയാണ്. ഈ പ്രോജക്ട് വിപുലീകരിക്കുന്നതിന്റെ ഭാഗമായി ഇൻഫർമേഷൻ കിയോസ്ക്, ക്യൂ മാനേജ്മെന്റ് സിസ്റ്റം, ബയോ മെട്രിക് അറ്റൻഡൻസ് മാനേജ്മെന്റ് സിസ്റ്റം, വീഡിയോ കോൺഫറൻസിംഗ് എന്നീ സൗകര്യങ്ങൾ ഒരുക്കേണ്ടതുണ്ട്. ഇവ CPRCS പോർട്ടിൽ ലഭ്യമല്ലായെങ്കിൽ Gem മുഖേന വാങ്ങണം എന്നതാണ് നിബന്ധന. ഇതിൽ പലതും CPRCS ലും Gem-ലും ലഭ്യമല്ല. അതിനാൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോഓപ്പറേറ്റീവ് സൊസൈറ്റി മുഖേന വാങ്ങാൻ അനുമതി സംബന്ധിച്ച്. ഇത് പരിശോധിച്ച് ഐ.റ്റി മിഷൻ ഡയറക്ടർ പരിശോധിച്ച് റിപ്പോർട്ട് നൽകി.

**റിപ്പോർട്ട്:** - മുകളിൽ പറഞ്ഞവയുടെ സ്പെസിഫിക്കേഷൻ ലഭ്യമാക്കിയിട്ടില്ല. എന്നാലും CPRCS ൽ ലഭ്യമല്ല. GEM മുഖേനയോ ഇ-ടെണ്ടർ മുഖേനയോ വാങ്ങണം.

**തീരുമാനം:-** ഐ.ടി മിഷൻ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം നടപടി സ്വീകരിക്കുവാൻ നിർദ്ദേശിക്കുന്നു.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.സി ) വകുപ്പ്**

## 2.3(4.8) കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ്

**കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് ജനറൽ സെക്രട്ടറിയുടെ 03.02.2020-ലെ 441/2020 -ാം നമ്പർ കത്ത്. ( SRG 215/2020)**

കാഴ്ചയുള്ളവർ ഉപയോഗിക്കുന്നതിനേക്കാൾ മെച്ചപ്പെട്ട സ്പെസിഫിക്കേഷൻ കാഴ്ച പരിമിതക്കാരുടെ കമ്പ്യൂട്ടറുകൾക്ക് ആവശ്യമാണ്. അതിനാൽ കാഴ്ച പരിമിതർക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന ലഭ്യമാക്കുന്ന ഡെസ്ക് ടോപ്/ ലാപ് ടോപ് കമ്പ്യൂട്ടറുകൾ താഴെപ്പറയുന്ന സ്പെസിഫിക്കേഷൻ പ്രകാരമുള്ളതാകണമെന്ന ആവശ്യം സംബന്ധിച്ച്

## Specification of Desktop for the Visually Challenged

| product Name | product type | OS/compatibility | Description |
|---|---|---|---|
| Desktop - intel Processor | High end | Ubuntu | Processor: Intel & ampampreg i5 8400@3.6GHZ,6 cores . 9 MB L3 cache,TDP-65W<br>Chipset: Compatible Chipset<br>Motherboard: OEM Motherboard<br>Memory:8GB DDR4 RAM upgradable to 32 GB<br>Hard Disk Drive : 1.OTB 7200 rpm or higher<br>Graphics Adapter : High end Graphics adapter with 2.0GB memory<br>Monitor: 21.5 & ampamprdquo or larger TFT/LED Digital Colour Full HD Monitor with IPS display panel. same make as PC<br>Keyboard: USB interface keyboard same make as PC<br>Mouse: Optical with USB interface same make as PC<br>Ports: 6 USB ports or more (at least 2 USB 3.0 ports and two ports in front panel ( atleast 1 should be USB 3.0)) HDMI/DP Audio Ports<br>Optical Drive : 8 X or better DVD RW Drive<br>Networking Facility : 10/100/1000 on board<br>Integrated network port & ampampamp Wi-Fi<br>802 11 b/g/n connectivity<br>Certifications:<br>a) ROHS Compliance for product<br>b) ISO 14001 for OEM<br>c) EPEAT Registered in India<br>Warranty : 5 Year comprehensive on site warranty including Monitor<br>Operating System & ampampldquo Ubundu 16.04 or later should support & ampampamprdquo |

## Specification of Laptop for the Visually Challenged

| product Name | product type | OS/compatibility | Description |
|---|---|---|---|
| Laptop | Medium end | Ubundu | Processor - Intel core i3 7020 U/7100 U @ 2.3 GHz/2.4GHz, 4 threads, 3 .0 MB cache.<br>Lithography :14nm, TDP- 15W<br>Memory : 8 GB DDR4 RAM<br>Expandable up to at least 16 GB<br>Hard Disk : 1.0 tb,7200rpm or Higher +240 Gb SSD<br>Display : Antyglare HD LED Backit Disply<br>Display Size: 15.6 inch<br>Wireless connectivity : Integrated wireless b/g/n, integrated Bluetooth<br>Optical Drive: 8X or better DVD RW Drive<br>Speaker : Integrated Sterieo Speaker |

| | | | |
|---|---|---|---|
| | | | Keryboard : Keyboard with Numerical Keypad and touch pad<br>Camera: Integrated HD Camera<br>Audio : Integrated<br>Expansion port: 3 USB Port (at least two number of USB 3.0 and one number of type C)10/100/1000 Eternet Card , HDMI, 1 Head phone/microphone Combo or Separate & other standard features<br>Power Supply: 230V, 50 Hz AC Supply with rechargeable Battery pack Comprising of Li-polymer battery<br>Mouse: Optical Scroll Mouse<br>Carry case : Backpack<br>Weight: Less than or equal to 2.2 Kg Warrenty: 3 year Comprehensive On iste. 1 year for Battery and Charger.<br>Certification:<br>ROHS compliance & BIS for Product<br>Operating System:- Ubuntu 16.04 or later shoud support |

ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ഐ.റ്റി മിഷൻ ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു.

**റിപ്പോർട്ട്:-** മുകളിൽ പറഞ്ഞ പ്രകാരമുള്ള സ്പെസിഫിക്കേഷനും CPRCS -ൽ ലഭ്യമായ സ്പെസിഫിക്കേഷനും തമ്മിലുള്ള വ്യത്യാസം താഴെപ്പറയുന്നതാണ്.

## (a)DESKTOP, Intel Processor, High end, Ubuntu

| | Specification as per Agenda | CPRCS Specification |
|---|---|---|
| **Processor** | Intel i5 8400@3.6 GHz<br>6 crores , 9MB L3 cache<br>TDP -65W | Intel i5 8400@2.8 GHz<br>6 crores , 9MB L3 cache<br>TDP -65W |

## (b Laptop Medium end, Ubuntu

| | Specification as per Agenda | CPRCS Specification |
|---|---|---|
| **Memory** | 8GB DDR 4 RAM | 4GB DDR4 RAM |
| **Hard Disk** | 1.0 tb, 7200 RPM or Higher, +240 Gb SSD | 500 GB, 7200 rpm |
| **Display Size** | 15.6 inch | 14 inch |
| **Key board** | keyboard with Numerical Keypad | Keyboard withtouch pad |

മുകളിൽ പറഞ്ഞ കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് നൽകിയ സ്പെസിഫിക്കേഷൻ ഇപ്പോൾ CPRCS -ൽ ലഭ്യമല്ല. ലഭ്യമായ സ്പെസിഫിക്കേഷനാണ് മുകളിൽ കാണിച്ചിരിക്കുന്നത്. CPRCS-ൽ ലഭ്യമായവ മതിയെങ്കിൽ CPRCS- ൽ നിന്നും വാങ്ങണം. അല്ലെങ്കിൽ GEM മുഖേനയോ ഇ-ടെണ്ടർ മുഖേനയോ വാങ്ങാവുന്ന താണെന്ന് ഐ.ടി. മിഷൻ ഡയറക്ടർ ശുപാർശ ചെയ്തു.

**തീരുമാനം:-** ഐ.ടി. മിഷൻ ഡയറക്ടറുടെ ശുപാർശ യോഗം അംഗീകരിച്ചു.

**നടപടി- തദ്ദേശസ്വയംഭരണ (ഡി.എ ) വകുപ്പ്**

## 2.3(4.9) കൊടിയത്തൂർ സഹകരണ ബാങ്ക്

**ബഹു. തിരുവമ്പാടി എം.എൽ.എ.യുടെ 05.11.2019-ലെ കത്ത് കോഴിക്കോട് ജില്ലയിലെ കൊടിയത്തൂർ ബാങ്ക് പ്രസിഡന്റിന്റെ 04.11.2019-ലെ കത്തും (SRG 216/20)**

അമൂൽ കാലിത്തീറ്റയുടെ കോഴിക്കോട് ജില്ലയിലെ വിതരണ ഏജൻസി ബാങ്ക് ഏറ്റെടുത്തിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ കാലിത്തീറ്റയ്ക്കുള്ള സബ്സിഡി അമൂൽ കാലിത്തീറ്റ വാങ്ങുന്നവർക്ക് ലഭിക്കുന്നില്ല. തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന കാലിത്തീറ്റ സബ്സിഡി സ്കീമിൽ അമൂൽ കാലിത്തീറ്റ വാങ്ങുന്ന കർഷകരെക്കൂടി ഉൾപ്പെടുത്തണമെന്ന ആവശ്യം സംബന്ധിച്ച്

കേരള ഫീഡ്സിന്റെയടക്കം കാലത്തീറ്റയുടെ വില നിശ്ചയിക്കുന്നതിൽ വകുപ്പുതല ഇടപെടൽ ഉണ്ടെന്നും Amul കാലിത്തീറ്റയുടെ വിലയിൽ വകുപ്പിന് ഇടപെടൽ സാധ്യതയില്ലെന്നും യോഗത്തിൽ ഹാജരായിരുന്ന മൃഗസംരക്ഷണ ഡയറക്ടർ അറിയിച്ചു. ഈ സാഹചര്യത്തിൽ അനുമതി പരിഗണിക്കാവുന്നതല്ല എന്ന് ഡയറക്ടർ അറിയിച്ചു. കേരള ഫീഡ്സ്, അമൂൽ, വകുപ്പ് മുഖേന ഇപ്പോൾ കേരളത്തിൽ നൽകുന്ന മറ്റു കാലിത്തീറ്റകൾ എന്നിവയുടെ വില താരതമ്യം ചെയ്ത് റിപ്പോർട്ട് നൽകാൻ മൃഗസംരക്ഷണ ഡയറക്ടറെ ചുമതലപ്പെടുത്തി. ഒപ്പം അമൂൽ കാലിത്തീറ്റയുടെ ഗുണനിലവാരം സംബന്ധിച്ചും റിപ്പോർട്ട് നൽകണം. പിന്നീട് പരിഗണിക്കാൻ മാറ്റി വച്ചു.

**നടപടി- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ**

## 2.3(4.12) യോഗ പരിശീലനം

**ശ്രീമതി. രമ്യ.കെ. കുറ്റിപ്പുറത്ത്, കണ്ണൂർ തുടങ്ങി 8 പേർ ബഹു. വിദ്യാഭ്യാസമന്ത്രിക്കു നൽകിയ കത്തുകൾ (SRG 59/20 - LSGD/DA1/35/2019/LSGD)**

അപേക്ഷകർ കണ്ണൂർ യൂണിവേഴ്സിറ്റിയുടെ Certificate in Yoga Fitness Cource/PG Diploma കോഴ്സ് പൂർത്തിയാക്കിയ യോഗ അദ്ധ്യാപക യോഗ്യതയുള്ളവരാണ്. അംഗീകൃത സർവ്വകലാശാല നൽകുന്ന യോഗ സർട്ടിഫിക്കറ്റ് കോഴ്സ്/ ഡിപ്ലോമ തുടങ്ങിയ കോഴ്സ് പാസ്സായവരെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ യോഗ പരിശീലകരായി ഉൾപ്പെടുത്തണമെന്നു സംബന്ധിച്ച്. ഇത് സംബന്ധിച്ച് ആയുഷ് ഡയറക്ടറുടെ റിപ്പോർട്ട് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ തന്നെ പഞ്ചായത്ത് ഡയറക്ടർ വാങ്ങി നല്കണം.

**നടപടി- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) പഞ്ചായത്ത് ഡയറക്ടർ**
**3) ആയുഷ് ഡയറക്ടർ**

## 2.3(4.38) മൊകേരി ഗ്രാമപഞ്ചായത്ത്

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.11.2019-ലെ കത്ത് (SRG/ 1020/19-CC/726/19 )**

***പ്രോ.നം.13/20*** ***അടങ്കൽ :-13,41,000/- രൂപ (വികസന ഫണ്ട്)***

***പേര് - ലൈഫ് ഭവന പദ്ധതി***

മൊകേരി പഞ്ചായത്തിൽ 29 ആശ്രയ കുടുംബങ്ങളാണുള്ളത്. ഇവരിൽ 5 പേർക്ക് സ്വന്തമായി ഭവനമില്ല. ഇവർ ലൈഫ് മിഷൻ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. ഇവർക്കു കൂടി ഭവനം നൽകാൻ അനുമതി സംബന്ധിച്ച്. ഇവർ ആശ്രയ കുടുംബമാണോ, ഇവർ ലൈഫ് മിഷൻ ലിസ്റ്റിൽ ഉൾപ്പെടാതെ പോയതിന്റെ കാരണം തുടങ്ങിയ വിവരങ്ങൾ അന്വേഷിച്ചു കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ റിപ്പോർട്ട് നൽകി.

**റിപ്പോർട്ട്:-** ലൈഫ് ഭവന പദ്ധതിയിൽപ്പെടാത്ത താഴെപ്പറയുന്ന 5 ആശ്രയ ഗുണഭോക്താക്കളാണ് ലൈഫ് ലിസ്റ്റിൽ ഉൾപ്പെടാത്തവർ. ഇവർക്ക് വീടു നൽകാനാണ് ഉദ്ദേശിക്കുന്നതെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു.

1) പാലക്കൽ കൃഷ്ണൻ, വാർഡ് നം.7, (DFK 10 KAN - 55627)
2) കമല ചേക്കുട്ടീന്റെ വിട, വാർഡ്നം.14, (DFK ID - KAN 55615)
3) ചന്ദ്രി പറമ്പത്ത് കിനാത്തി, വാർഡ് നം. 13, (DFK ID - KAN 171601)
4) ചന്ദ്രമതി വടക്കേ നയിച്ചാൽ, വാർഡ് നം4 (DFK ID - KAN 14578)
5) നെല്ലുള്ളതിൽ രാഘവൻ - (മരണപ്പെട്ടു)

ഇതിൽ ക്രമ നമ്പർ 3 ചന്ദ്രി പറമ്പത്ത് കിനാത്തിക്ക് വാസയോഗ്യമായ വീടുണ്ട്. ക്രമനമ്പർ 5 (നെല്ലുള്ളതിൽ രാഘവൻ) മരണപ്പെട്ടു (വീട്ടിൽ ഒരാൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ.) ഇതു രണ്ടും ഒഴിച്ച് ക്രമ നമ്പർ 1, 2, 4 എന്നിവർക്ക് വീടു നിർമ്മാണത്തിന് ധനസഹായം നൽകണമെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ ശുപാർശ ചെയ്തു.

**തീരുമാനം :-** കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ശുപാർശ അംഗീകരിച്ചു.

**നടപടി:-തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 2.3(4.41) വടകരപതി ഗ്രാമപഞ്ചായത്ത്

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.12.2019-ലെ കത്തും വടകരപതി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 05.12.2019 -ലെ കത്തും (SRG/ 1106/19-CC/939) (SRG/ 1108/19- CC/940/19)** ***(2 കത്തുകൾ)***

***1) പ്രോ.നം. 147/20*** ***അടങ്കൽ 1,00,000/-രൂപ (തനത് ഫണ്ട്)***

***പേര് - നല്ലൂർ പുതിയ ബോർവെൽ നിർമ്മാണം***

**2) പ്രോ.നം. 148/20** **അടങ്കൽ 1,50,000/- രൂപ (തനത് ഫണ്ട്)**

***പേര് - കോഴിപ്പാറ പുതിയ ബോർവെൽ നിർമ്മാണം***

ബോർവെൽ നിർമ്മാണത്തിനുള്ള മുകളിൽ പറഞ്ഞ രണ്ട് പ്രോജക്ടുകൾ 2017-18-ൽ സാങ്കേതികാനുമതിയും ടെണ്ടർ നടപടികളും പൂർത്തിയാക്കുന്നതിന് മുമ്പ് നടപ്പാക്കി. ഈ നടപടി ക്രമങ്ങൾ പാലിക്കാതെ നടപ്പാക്കിയതിനാൽ ബിൽ തുക നൽകാൻ കഴിഞ്ഞില്ല. ഈ വർഷം സ്പിൽ ഓവറായി ഉൾപ്പെടുത്തിയിരിക്കുന്ന ഈ പ്രോജക്ടിൽ നിന്നും തുക നൽകാൻ അനുമതി സംബന്ധിച്ച് . ഇതിന്മേൽ ഓഡിറ്റ് കുറിപ്പുണ്ടോ, വാല്യുവേഷൻ മറ്റു വിശദാംശങ്ങൾ എന്നിവ പരിശോധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് നൽകി.

**റിപ്പോർട്ട്-**

(i) നല്ലൂർ പുതിയ ബോർവെൽ നിർമ്മാണത്തിന് 1,04,497/- രൂപയാണ് ചെലവായിട്ടുള്ളതെന്നു 03.11.2017-ലെ ഭരണസമിതി തീരുമാനപ്രകാരം ഗുണഭോക്തൃസമിതിയുമായി എഗ്രിമെന്റ് വെച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

(ii) കോഴിപ്പാറ പുതിയ ബോർവെൽ നിർമ്മാണം. ഇതിൽ പുതിയ ബോർവെൽ, പമ്പ് ഹൗസ്, പൈപ്പ് ലൈൻ എന്നീ പ്രവൃത്തികളാണ് ചെയ്തിട്ടുള്ളത്. ഇതിനായി 1,49,141/- രൂപ ചെലവായിട്ടുണ്ട്. ടെണ്ടർ, എഗ്രിമെന്റ് എന്നിവ വച്ചിട്ടുണ്ട്.

ടെണ്ടർ ചെയ്തതും എഗ്രിമെന്റ് വച്ചതും പ്രവൃത്തി പൂർത്തിയാക്കിയതിനുശേഷമാണ് എന്ന് ചീഫ് എഞ്ചിനീയർ അറിയിച്ചു. ഓഡിറ്റ് പരിശോധന നടത്തിയിട്ടില്ലെന്ന് ഓഡിറ്റ് ഡയറക്ടർ അറിയിച്ചു.

**തീരുമാനം :-** നടപടിക്രമത്തിൽ അപാകതകൾ സംഭവിച്ചിട്ടുണ്ടെന്ന് യോഗം വിലയിരുത്തി. വകുപ്പുതലത്തിൽ തീരുമാനമെടുക്കാൻ നിർദ്ദേശിക്കുന്നു.

**നടപടി:-തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**2.3(4.43) സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറുടെ 06.02.2020-ലെ PL-18705/2019/DES നമ്പർ കത്തും 24.02.2020 -ലെ ഇതേ നമ്പർ കത്തും ( 2 എണ്ണം) (SRG 224/20)**

മിഷൻ അന്ത്യോദയ വിവരശേഖരണവും വെബ് പോർട്ടലിലേയ്ക്ക് ഡാറ്റ അപ് ലോഡ് ചെയ്യുന്നതിനും സാമ്പത്തിക സ്ഥിതി വിവരക്കണക്ക് ഡയറക്ടറേറ്റിനെ ചുമതലപ്പെടുത്തിയിരുന്നു. 2019 വർഷത്തെ മിഷൻ അന്ത്യോദയ സർവ്വേയുടെ വിവരശേഖരണം, ഡാറ്റാ അപ് ലോഡിംഗ് എന്നിവ യഥാസമയം പൂർത്തീകരിച്ചിട്ടുണ്ട്. വകുപ്പിലെ ഇൻവെസ്റ്റിഗേറ്റർമാരുടെ ദൈനംദിന ജോലികൾക്ക് പുറമെ അധികജോലി ആയിട്ടാണ് മിഷൻ അന്ത്യോദയ സർവ്വേ ചെയ്തിട്ടുള്ളത്. മിഷൻ അന്ത്യോദയ വിവരശേഖരണവും ഡാറ്റ അപ് ലോഡിംഗും നടത്തിയ ജീവനക്കാർക്ക് പ്രതിദിനം 300/- രൂപ നിരക്കിൽ ചുവടെ ചേർക്കുന്ന രീതിയിൽ ഓണറേറിയം അനുവദിക്കണമെന്നതു സംബന്ധിച്ച്

| | | |
|---|---|---|
| 1 | ഫീൽഡ്തല ഉദ്യോഗസ്ഥർക്കുള്ള ഓണറേറിയം (ഒരു പഞ്ചായത്തിൽ 2 പേർ വീതം രണ്ടു ദിവസം 941X300X4) | 11,29,200/- രൂപ |
| 2 | ഷെഡ്യൂളുകൾ ഫോട്ടോകോപ്പി എടുത്ത ചെലവ് | 15,000/- രൂപ |
| | **ആകെ** | **11,44,200/- രൂപ** |

MGNREGS ന്റെ ഭരണ ചെലവ് ഇനത്തിൽ നിന്ന് മുകളിൽ പറഞ്ഞ തുക നൽകുന്നതിന് അനുമതി നൽകിയിരുന്നു. 2019 വർഷം രണ്ടു സർവ്വേ നടന്നു. 2018 വർഷത്തെ സർവ്വേ ജോലി നടന്നത് 2019-ലാണ്. കൂടാതെ 2019-ലെ സർവ്വേ ജോലിയും 2019 ലാണ് നടന്നതെന്ന് രണ്ടു ഘട്ടത്തിലായി നടന്ന സർവ്വേയിൽ രണ്ടു വർഷത്തെ വിവരങ്ങളാണ് സർവ്വേയ്ക്ക് വിധേയമാക്കിയത്. അതിനാൽ ഓരോ വർഷത്തേതിനും പ്രത്യേകമായി ഓണറേറിയം നൽകണമെന്ന് യോഗത്തിൽ ഹാജരായിരുന്ന സാമ്പത്തിക സ്ഥിതി വിവരക്കണക്ക് ഡയറക്ടറേറ്റിലെ അഡീഷണൽ ഡയറക്ടർ അറിയിച്ചു. ഈ വിവരം 24.02.2020-ലെ PLCD18705/2019/DES കത്തു മുഖേന നൽകിയിട്ടുണ്ടെന്നും അറിയിച്ചു.

**തീരുമാനം:-** ഈ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ വ്യക്തതയോടെ അനുമതി നൽകിക്കൊണ്ട് ഉത്തരവ് നൽകാൻ യോഗം നിർദ്ദേശിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

## 2.3(4.70) ഏറ്റുമാനൂർ നഗരസഭ

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.01.2020-ലെ കത്തും ഏറ്റുമാനൂർ മുനിസിപ്പൽ ചെയർമാന്റെ 30.12.2019-ലെ G3-11491/19-ാം നമ്പർ കത്തും (SRG 34/20 - CC/28/20)**

***പ്രോ.നം. 471/20***

***അടങ്കൽ27,53,84,972/- രൂപ***
***(തനത് ഫണ്ട് - 4,53,84,972/- രൂപ***
***ലോൺ - 23.00 കോടി രൂപ)***

***പേര് - ഷോപ്പിംഗ് കോംപ്ലക്സ് കം മൾട്ടി പ്ലക്സ് തിയേറ്റർ***

2018-19-ൽ പ്രോ.നം. 374/19 ആയി ഈ പദ്ധതി ബഹു.വർഷ പ്രോജക്ടായി അംഗീകാരം നേടിയിരുന്നു. ജില്ലാ ആസൂത്രണസമിതി അംഗീകരിക്കുമ്പോൾ നിർവ്വഹണ രീതി ടെണ്ടർ എന്നാണ് ചേർത്തിരുന്നത്. മുനിസിപ്പാലിറ്റിയിൽ ടെണ്ടർ ചെയ്ത മറ്റു ചില പ്രവൃത്തികൾ സമയബന്ധിതമായി തീർത്തില്ല എന്ന കാരണത്താൽ ടെണ്ടർ നടപടി ഒഴിവാക്കി 25.00 കോടിക്ക് മുകളിൽ പ്രവർത്തന ശേഷിയുള്ള കമ്പനികളിൽ നിന്ന് ടെണ്ടർ വിളിച്ചു. ഇതനുസരിച്ച് കുറഞ്ഞ ടെണ്ടർ ചെയ്ത കമ്പനിയുമായി കരാർ വച്ച് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തു. ടെണ്ടറിനു പകരം അക്രഡിറ്റഡ്

ഏജൻസിയെക്കൊണ്ട് പദ്ധതി നിർവഹണം നടത്തുന്നതിന് അനുമതി സംബന്ധിച്ച്. ഇതു പരിശോധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് നൽകി.

**റിപ്പോർട്ട്:-** ഈ പ്രോജക്ടിന്റെ നടത്തിപ്പിൽ ചുവടെ ചേർത്തിട്ടുള്ള ന്യൂനതകൾ ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

ഈ പ്രോജക്ടിന്റെ നിർവഹണ ഉദ്യോഗസ്ഥൻ നഗരസഭയി ലെ അസിസ്റ്റന്റ് എഞ്ചിനീയറാണ്. ടെണ്ടർ മുഖേന നിർവഹണം നടത്തുന്നതിന് ജില്ലാ ആസൂത്രണസമിതി അംഗീകാരം ലഭിച്ച പ്രോജക്ട് അക്രഡിറ്റഡ് ഏജൻസി മുഖേന നിർവഹണം നടത്താൻ കൗൺസിൽ തീരുമാനിക്കുകയായിരുന്നു. നഗരസഭാ സെക്രട്ടറി നേരിട്ട് അക്രഡിറ്റഡ് ഏജൻസിയെ കണ്ടെത്തുന്നതിന് പ്രൊപ്പോസൽ ക്ഷണിച്ചു. ഈ കത്തിൽ PMC എന്നു ചേർത്തിരുന്നില്ല. എന്നാൽ പ്രവർത്തനം ഇപ്പോൾ നടത്തുന്ന WAPCOS Ltd. PMC മാത്രമാണ്. ഇത് ക്രമ വിരുദ്ധമാണ് എന്ന് മുൻസിപ്പൽ അസിസ്റ്റന്റ് എഞ്ചിനീയറും റിപ്പോർട്ട് ചെയ്തിരുന്നു.

നിർവഹണ ഉദ്യോഗസ്ഥനായ നഗരസഭാ അസിസ്റ്റന്റ് എഞ്ചിനീയറെ ഒഴിവാക്കി നഗരസഭാ സെക്രട്ടറി താല്പര്യപത്രം ക്ഷണിച്ചു. ഇതിൽ PMC എന്ന് സൂചിപ്പിച്ചിട്ടില്ല.

നഗരസഭാ സെക്രട്ടറി താല്പര്യപത്രം ക്ഷണിച്ച് സെലക്ഷൻ നോട്ടീസ് നൽകിയതിനുശേഷമാണ് നഗരസഭാ അസിസ്റ്റന്റ് എഞ്ചിനീയറെകൊണ്ട് കരാർ ഉടമ്പടിയിൽ ഏർപ്പെട്ടിട്ടുള്ളത്.

**തീരുമാനം :-** നടപടിക്രമങ്ങളിൽ ഗുരുതരമായ വീഴ്ച സംഭവിച്ചിട്ടുണ്ടെന്ന് യോഗം വിലയിരുത്തി. വകുപ്പുതലത്തിൽ പരിശോധിച്ച് തീരുമാനമെടുക്കാനും വീഴ്ച നടത്തിയവരുടെ പേരിൽ കർശന നടപടി സ്വീകരിക്കാനും നിർദ്ദേശിക്കുന്നു.

**നടപടി:-തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

## 2.3(4.75) എരിമയൂർ ഗ്രാമപഞ്ചായത്ത്

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.01.2020-ലെ കത്ത് (SRG / 115/20 - CC/24/20)**

***പ്രോ.നം. 273/20*** ***അടങ്കൽ - 4,88,000/- രൂപ (റോഡ് മെയിന്റനൻസ് ഗ്രാന്റ്)***

***പേര് - ചുള്ളിമട കുരുവക്കോട് റോഡ് റീ ടാറിംഗ് (SC കോർപ്പസ് ഫണ്ട് മുഖേന നടത്തിയ പ്രവൃത്തിക്ക് തുക നൽകൽ)***

പട്ടികജാതി വികസന വകുപ്പിന്റെ എസ്.സി. കോർപ്പസ് ഫണ്ടുൾപ്പെടുത്തി മുകളിൽ പറഞ്ഞ റോഡ് പ്രവൃത്തി ചെയ്തിരുന്നു. എന്നാൽ ഫീസിബിലിറ്റി ലഭിച്ച സ്ഥലത്തല്ല നിർമ്മാണം നടത്തിയതെന്ന കാരണത്താൽ തുക നൽകിയില്ല. അതിനാൽ ഈ തുക നൽകാൻ റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് തയ്യാറാക്കിയ പ്രോജക്ടിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

മുൻ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം എസ്.സി. കോർപ്പസ് ഫണ്ട് ഉപയോഗിക്കുന്നതിനുള്ള ഭരണാനുമതി, എസ്റ്റിമേറ്റ്, സാങ്കേതികാനുമതി, നടപ്പാക്കിയ പ്രവൃത്തിയുടെ വാല്യുവേഷൻ, എന്നിവ പരിശോധിച്ച തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് നൽകി. വിശദവിവരങ്ങൾ താഴെപ്പറയുന്നവയാണ്.

**റിപ്പോർട്ട്:-**

| | |
|---|---|
| ഭരണാനുമതി തുക | 4,75,000/- രൂപ |
| സാങ്കേതികാനുമതി തുക | 4,75,000/- രൂപ |
| കരാർ തീയതിയും നമ്പറും | 11.10.2017<br>4/2017-18 |
| പ്രവൃത്തി ചെയ്യിപ്പിച്ചത് | അസിസ്റ്റന്റ് എഞ്ചിനീയർ, തസ്വഭവ എരുമയൂർ ഗ്രാമപഞ്ചായത്ത് |
| ബിൽ പ്രകാരം ചെയ്ത പ്രവൃത്തിയുടെ തുക | 4,75,000/- രൂപ |

**തീരുമാനം:-** പ്രോജക്ട് നടപ്പാക്കാൻ പ്രത്യേക അനുമതി നൽകുന്നു.

**നടപടി- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 2.3 (4.78) വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത്

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 24.01.2020-ലെ കത്ത് (SRG / 121/20 - CC/1165/19)**

***പ്രോ.നം. 11/20*** ***അടങ്കൽ - 60,000/- രൂപ***

***റ്റി.എസ്.പി - 37,900/- രൂപ***

***തനത് ഫണ്ട് - 22,100/- രൂപ***

***പേര് - പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികൾക്ക് ലാപ് ടോപ്***

കുമാരി രാഖി പി. രാമചന്ദ്രൻ, ആലക്കൽ ഒളികല്ല് എന്ന കുട്ടി ബോട്ടണി ബിരുദധാരിയാണ്. ഇപ്പോൾ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജിയുടെ ഓഫ് കാമ്പസ് സെന്ററായ റാന്നി റ്റൂട്രോണിക്സ് എന്ന സ്ഥാപനം വഴി അനിമേഷൻ & ഫിലിം ടെക്നോളജി എന്ന കോഴ്സിനു പഠിക്കുന്നു. ഈ കുട്ടിക്ക് ലാപ് ടോപ് നൽകുന്നതിന് അനുമതി സംബന്ധിച്ച്.

**തീരുമാനം:-** പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തതനുസരിച്ച് ഈ വിദ്യാർത്ഥി പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടതാണെന്ന് തഹസിൽദാർ സാക്ഷ്യപ്പെടുത്തുന്ന മുറയ്ക്ക് ലാപ് ടോപ് നൽകാൻ അനുമതി നൽകുന്നു.

**നടപടി- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 3. പൊതു വിഷയങ്ങൾ

**3.1** സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി 14.02.2018-ലെ 22/2018/തസ്വഭവ നമ്പരായുള്ള സബ്സിഡി മാർഗ്ഗരേഖയിൽ വരുത്തേണ്ട മാറ്റങ്ങൾ യോഗം ചർച്ച ചെയ്യുകയും താഴെപ്പറയും പ്രകാരമുള്ള മാറ്റം അംഗീകരിക്കുകയും ചെയ്തു. ഇതു പ്രകാരം വിശദമായ മാർഗ്ഗരേഖ തയ്യാറാക്കി തദ്ദേശസ്വയംഭരണ വകുപ്പിന് നല്കാൻ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിനെ ചുമതലപ്പെടുത്തി. അടിയന്തിരമായി ഇതിന്മേൽ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

**എ. കൃഷി**

**തരിശ് കൃഷിക്ക് അനുവദിക്കാവുന്ന പരമാവധി സഹായം**

(തുക രൂപയിൽ)

| ക്രമ നം | ഇനം | നിരക്ക് (ഒരു ഹെക്ടറിന് അനുവദിക്കാവുന്ന പരമാവധി തുക) | | |
|---|---|---|---|---|
| | | കർഷകന് | ഉടമയ്ക്ക് | ആകെ |
| 1 | നെല്ല് | 35,000 | 5000 | 40,000 |
| 2 | പച്ചക്കറി | 37,000 | 3000 | 40,000 |
| 3 | വാഴ | 32,000 | 3000 | 35,000 |
| 4 | പയർ വർഗ്ഗങ്ങൾ (Pulses) | 27,000 | 3000 | 30,000 |
| 5 | ചെറുധാന്യം (Millets) | 27,000 | 3000 | 30,000 |
| 6 | മരച്ചീനിയും മറ്റ് കിഴങ്ങു വർഗ്ഗങ്ങളും | 27,000 | 3000 | 30,000 |
| 7 | മുകളിൽ പരാമർശിക്കാത്ത മറ്റ് വിളകൾ | 10,000 | -- | 10,000 |

### (i) തരിശ് കൃഷിക്ക് സഹായം – മാർഗനിർദേശങ്ങൾ

മൂന്ന് വർഷത്തിലധികമായി കാർഷിക പ്രവർത്തികൾ ചെയ്തിട്ടില്ലാത്ത ഭൂമിയെ ആണ് തരിശ് ഭൂമി ആയി പരിഗണിക്കേണ്ടത്. ബന്ധപ്പെട്ട കൃഷി ഓഫീസർ ഇത് സാക്ഷ്യപ്പെടുത്തണം. മൂന്ന് വർഷത്തിലധികമായി പൂർണ്ണമായി കൃഷിക്ക് ഉപയോഗിക്കാത്ത പുരയിടവും (underutilized lands) തരിശായി കണക്കാക്കി അതിൽ യഥാർത്ഥത്തിൽ കൃഷി ചെയ്യുന്ന സ്ഥലത്തിന് ആനുപാതികമായ ധനസഹായം നൽകാവുന്നതാണ്. തരിശ് ഭൂമിയിലെ ആദ്യ കൃഷിക്കു മാത്രമാണ് തരിശു കൃഷിയുടെ ആനുകൂല്യം നൽകാവുന്നത്. നിർദ്ദേശിച്ചിട്ടുള്ള ആനുകൂല്യം രണ്ട് തവണകളായി നൽകാം - ആദ്യ തവണ പ്ലാന്റിംഗ് നടക്കുമ്പോഴും രണ്ടാം തവണ സീസണിന്റെ പകുതി ആകുമ്പോൾ പരിശോധനയ്ക്ക് ശേഷവും ബാങ്ക് അക്കൗണ്ടിലേക്ക് നൽകാവുന്നതാണ്. ഉടമയ്ക്കുള്ള സഹായം പ്ലാന്റിംഗ് നടക്കുന്ന സമയത്ത് നൽകാവുന്നതാണ്.

**സ്ഥിരം കൃഷിക്ക് (Regular farming) അനുവദിക്കാവുന്ന പരമാവധി സഹായം - കൃഷി ചെലവ്/കൂലി ചെലവ് സബ്സിഡി**

(തുക രൂപയിൽ)

| ക്രമ നം | ഇനം/കൃഷി | | നിരക്ക് (ഒരു ഹെക്ടറിന് അനുവദിക്കാവുന്ന പരമാവധി തുക) |
|---|---|---|---|
| 1 | നെല്ല് (ഒരു പൂകൃഷിക്ക്) | | 22,000 |
| 2 | പച്ചക്കറി | പന്തൽ ഉൾപ്പെടെ | 25,000 |
| | | പന്തൽ ഇല്ലാതെ | 20,000 |
| | | ശീതകാല പച്ചക്കറി (ഇടുക്കി, വയനാട് ജില്ലകളിലെ ശീതകാല പച്ചക്കറി കൃഷി നടത്തുന്ന പ്രദേശങ്ങൾക്കു മാത്രം) | 30,000 |
| 3 | പയർ വർഗ്ഗങ്ങൾ (Pulses) | | 20,000 |
| 4 | മരച്ചീനിയും മറ്റ് കിഴങ്ങ് വർഗ്ഗങ്ങളും (Tapioca and other tubers) | | 20,000 |
| 5 | വാഴ | | 30,000 |
| 6 | ചെറുധാന്യങ്ങൾ (Millets) | | 20,000 |
| 7 | നിലക്കടല (Groundnut) | | 20,000 |
| 8 | എള്ളും മറ്റ് എണ്ണക്കുരുക്കളും (Sesamum & other oil seeds) | | 10,000 |
| 9 | മുകളിൽ പരാമർശിക്കാത്ത മറ്റ് വിളകൾ | | 10,000 |

ഹ്രസ്വകാല വിളകൾക്ക് ഒരു വർഷം പരമാവധി രണ്ട് സീസണിൽ സഹായം നൽകാം. നെൽക്കൃഷിക്കും ഒരു വർഷം രണ്ട് പ്രാവശ്യം (രണ്ട് പൂ കൃഷിക്ക്) സഹായം നൽകാവുന്നതാണ്. തരിശ്ഭൂമി കൃഷിയോഗ്യമാക്കുന്ന പ്രവർത്തനങ്ങൾക്ക് തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത പൂർണമായി ഉപയോഗപ്പെടുത്തണം. തരിശ്ഭൂമി കൃഷിയോഗ്യമാക്കുന്ന പ്രവർത്തനങ്ങൾ തൊഴിലുറപ്പ് പദ്ധതിയിൽ നിർവ്വഹിക്കുകയാണെങ്കിൽ സ്ഥിരം കൃഷിക്കുള്ള (regular farming) സഹായം നൽകാവുന്നതാണ്. നിർദ്ദേശിച്ചിട്ടുള്ള ആനുകൂല്യം സീസണിന്റെ പകുതിയിലുള്ള പരിശോധനയ്ക്ക് ശേഷം ബാങ്ക് അക്കൗണ്ടിലേക്ക് നൽകാവുന്നതാണ്

(ii) **തരിശ് കൃഷിക്കും സ്ഥിരം കൃഷിക്കും ബാധകമായ പൊതു മാർഗനിർദേശങ്ങൾ**

നാമമാത്ര - ചെറുകിട കർഷകർ, കർഷക കൂട്ടായ്മ/ ഗ്രൂപ്പുകൾ, കുടുംബശ്രീ ജോയിന്റ് ലയ ബിലിറ്റി ഗ്രൂപ്പുകൾ, പാടശേഖര സമിതികൾ, സ്വയം സഹായ സംഘങ്ങൾ, പ്രവാസികൾ, പ്രവാസി കൂട്ടായ്മകൾ, സഹകരണ സംഘങ്ങൾ, പ്രൊഡ്യൂസർ കമ്പനികൾ, ചാരിറ്റബിൾ സംഘങ്ങൾ, യുവജന ക്ലബ്ബുകൾ തുടങ്ങി കൃഷി ചെയ്യുന്ന വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും നൽകാം. പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ, കമ്പനികൾ തുടങ്ങിയ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ സ്ഥാപനത്തിന്റെ സഹായമില്ലാതെ കർഷകർ / ഗ്രൂപ്പുകൾ കൃഷി ചെയ്യുന്ന അവസരത്തിലും മേൽപ്പറഞ്ഞ സഹായം അനുവദിക്കാവുന്നതാണ്. ഇതോടൊപ്പം നെൽക്കൃഷിക്ക് കൃഷി വകുപ്പിന്റെ ആനുകൂല്യങ്ങൾ കൂടി നൽകാവുന്നതാണ്.

വിത്ത്, വളം, കീടനാശിനികൾ തുടങ്ങിയ ഉത്പാദനോപാധികളും മറ്റ് കൃഷി ചെലവുകളും ഉൾപ്പെടെ അനുവദിക്കാവുന്ന പരമാവധി സഹായമാണ് മുകളിൽ

പട്ടികകളിൽ പറഞ്ഞത്. വിത്ത്, വളം കീടനാശിനികൾ തുടങ്ങിയ ഉത്പാദനോപാദികൾ സബ്സിഡി മാർഗ്ഗരേഖയിലെ മാനദണ്ഡങ്ങൾ പ്രകാരം അനുവദിക്കുകയാണെങ്കിൽ അവയുടെ വില കുറവ് ചെയ്ത് (മാർഗ്ഗരേഖ പ്രകാരം ബാധകമായ ഗുണഭോക്തൃവിഹിതം ഉൾപ്പെടെയുള്ള തുക കുറവ് ചെയ്ത്) ബാക്കി തുക സഹായമായി അനുവദിക്കാവുന്നതാണ്. എന്നാൽ നെൽക്കൃഷിയുടെ ഉത്പാദനോപാധികൾക്ക് കൃഷി വകുപ്പ് അനുവദിക്കുന്ന അധിക സഹായം പട്ടികകളിൽ നൽകിയിട്ടുള്ള നിരക്കിന് പുറമെ അനുവദിക്കാവുന്നതാണ്.

ഒറ്റ വിള (mono crop) കൃഷിക്കുള്ള സഹായങ്ങളാണ് പട്ടികകളിൽ നൽകിയിട്ടുള്ളത്. ഒരു പ്ലോട്ടിനുള്ളിൽ വ്യത്യസ്ത വിളകൾ വെവ്വേറെയായി (75 സെന്റ് മരച്ചീനി, 50 സെന്റ് പച്ചക്കറി എന്നിങ്ങനെ) കൃഷി ചെയ്യുന്ന സന്ദർഭത്തിൽ ഓരോ വിളയും കൃഷി ചെയ്യുന്ന സ്ഥലത്തിന് ആനുപാതികമായി അതത് വിളകൾക്ക് അനുവദനീയമായ നിരക്കിൽ സഹായം അനുവദിക്കാവുന്നതാണ്. ഒരു പ്ലോട്ടിൽ ബഹുവിള (multiple crops) കൃഷി ചെയ്യുന്ന സന്ദർഭത്തിൽ മുഖ്യ വിളക്ക് ബാധകമായ സഹായം അനുവദിക്കാവുന്നതും മുഖ്യവിള ഒഴികെയുള്ള ഇടവിളകൾക്ക് വിത്തുകളും തൈകളും മേല്പറഞ്ഞ സഹായത്തിനു പുറമെ അധികമായി നൽകാവുന്നതുമാണ്. വിളകളെ സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പാക്കുന്ന വിള ഇൻഷ്വറൻസ് സ്കീമിന്റെ ഭാഗമാക്കേണ്ടതാണ്.

ഭൂഉടമ സ്വന്തമായി കൃഷി ചെയ്യാതിരിക്കുകയും എന്നാൽ കൃഷി ചെയ്യുന്നതിന് ഭൂമി വിട്ടുനൽകാൻ സന്നദ്ധത അറിയിക്കുകയും ചെയ്യുന്ന സന്ദർഭത്തിൽ ഭൂമിയുടെ ഉടമസ്ഥാവകാശം ഉടമകളിൽ തന്നെ നിലനിർത്തുന്നതാണെന്ന് ഉടമകളെ ബോധ്യപ്പെടുത്തിക്കൊണ്ട് ഗ്രാമ പഞ്ചായത്ത്/ നഗരസഭ, ഭൂവുടമ, കൃഷി ചെയ്യുന്നവർ തമ്മിൽ ധാരണയുണ്ടാക്കേണ്ടതാണ്. ഉടമക്കുള്ള പ്രതിഫലം എത്രയെന്ന് തുടക്കത്തിൽ തന്നെ ധാരണയാക്കുന്നതിന് ശ്രമിക്കണം. തരിശ് കൃഷിയുടെ കാര്യത്തിൽ ഉടമക്ക് നിശ്ചയിച്ചിട്ടുള്ള തുക ഉടമക്ക് തന്നെ നൽകേണ്ടതാണ്. ഉടമ തന്നെയാണ് കൃഷി ചെയ്യുന്നതെങ്കിൽ ഉടമയ്ക്കുള്ള തുക ഉൾപ്പെടെയുള്ള മൊത്തം തുകയും ഉടമയ്ക്ക് നൽകാവുന്നതാണ്. നിലവിലുള്ള തണ്ണീർത്തടങ്ങളും നെൽവയലുകളും മണ്ണിട്ടുയർത്തി കൃഷി ചെയ്യുന്ന രീതി ഒരു കാരണവശാലും പ്രോത്സാഹിപ്പിക്കാൻ പാടില്ല.

ഈ പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും ഏറ്റെടുത്ത് നടപ്പാക്കാവുന്നതാണ്. ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് താരതമ്യേന വലിയ പ്ലോട്ടുകളിലോ പാടശേഖരം മൊത്തത്തിലോ കൃഷി ചെയ്യുന്നതിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്. വലിയ പ്ലോട്ടുകൾക്കും പാടശേഖരത്തിനും ഉള്ളിലുള്ള വ്യക്തിഗത കർഷകർക്ക് ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളിൽ നിന്നും ആനുകൂല്യങ്ങൾ നൽകാം. ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് ഗ്രാമപഞ്ചായത്തുകളുടെ പ്രോജക്ടുകൾക്ക് വിഹിതവും നൽകാവുന്നതാണ്. കൃഷി വകുപ്പ്, വിവിധ തദ്ദേശഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ എന്നിവിടങ്ങളിൽ നിന്ന് സഹായം അനുവദിക്കുമ്പോൾ ഇരട്ടിപ്പ് ഉണ്ടാകുന്നില്ലെന്ന് ഉറപ്പാക്കണം. സബ്സിഡി മാർഗ്ഗരേഖയുടെ നിലവിലുള്ള മാനദണ്ഡങ്ങൾക്ക് പകരമായി മേൽപ്പറഞ്ഞ മാനദണ്ഡങ്ങൾ ഉൾപ്പെടുത്താൻ തീരുമാനിച്ചു.

**ഫലവൃക്ഷ തൈകൾ (പുഷ്പ-ഔഷധ സസ്യക്കൃഷിക്കുള്ള വിത്തുകളും തൈകളും ജാതി തൈകളും)**

സർക്കാരിന്റെ പന്ത്രണ്ടിന പരിപാടിയിലെ ഒരു സുപ്രധാന പദ്ധതിയായ 'ഒരു കോടി ഫലവൃക്ഷ തൈകൾ നട്ടുവളർത്തൽ' പദ്ധതി സുഭിക്ഷ കേരളം പദ്ധതിയുമായി സംയോജിപ്പിച്ചാണ് നടപ്പാക്കുന്നത്. ഈ പദ്ധതിയുടെ പ്രാധാന്യം പരിഗണിച്ച് ഫല വൃക്ഷതൈകളുടേയും പുഷ്പ-ഔഷധ-സസ്യക്കൃഷിയ്ക്കുള്ള വിത്തുകളുടെയും തൈകളുടേയും തെങ്ങ്, ജാതി തൈകളുടേയും സബ്സിഡി എല്ലാ വിഭാഗം ഗുണഭോക്താക്കൾക്കും 100 ശതമാനമാക്കാൻ തീരുമാനിച്ചു.

**ബി. മൃഗസംരക്ഷണം**

**(i) കറവയുള്ള പശു/കറവയുള്ള എരുമ**

യൂണിറ്റ് കോസ്റ്റ് 60,000 രൂപായി പുതുക്കാൻ തീരുമാനിച്ചു. പൊതു വിഭാഗത്തിന് 50 ശതമാനം വരെയും പട്ടികജാതി വിഭാഗക്കാർക്ക് 75 ശതമാനം വരെയും പട്ടികവർഗ്ഗ വിഭാഗക്കാർക്ക് 100 ശതമാനം വരെയും സബ്സിഡി നൽകാം. രണ്ട് പശുക്കൾ/എരുമ, കാലിതൊഴുത്ത് എന്നിവ ഒരു പാക്കേജായി നൽകുന്നതും പരിഗണിക്കാവുന്നതാണ്. മേൽപ്പറഞ്ഞ പ്രകാരം പാക്കേജായി നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്ന പ്രോജക്ടുകൾ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്കും ഏറ്റെടുക്കാവുന്നതാണ്. എന്നാൽ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിൽ നിന്നും ഗുണഭോക്തൃ പട്ടിക വാങ്ങണം. ഉദാര പലിശ വ്യവസ്ഥയിൽ വായ്പ ലഭ്യമാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ ശ്രമിക്കണം.

**(ii) ശുചിത്വ കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിന് സഹായം**

പുതിയ കറവപശു/എരുമ അനുവദിക്കുന്നതിനൊപ്പം ശുചിത്വ കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിനും നിലവിലുള്ള കാലിത്തൊഴുത്തിനെ നവീകരിച്ച് ശുചിത്വമുള്ള കാലിത്തൊഴുത്ത് ആക്കി മാറ്റുന്നതിനും പൊതു വിഭാഗത്തിന് ചെലവിന്റെ 50 ശതമാനം (പരമാവധി 25,000 രൂപ വരെയും), പട്ടികജാതി വിഭാഗത്തിന് ചെലവിന്റെ 75 ശതമാനം (പരമാവധി 37,500 രൂപ വരെയും) പട്ടിക വർഗ്ഗവിഭാഗത്തിന് ചെലവിന്റെ 100 ശതമാനം (പരമാവധി 50,000 രൂപ വരെയും) സബ്സിഡി അനുവദിക്കാവുന്നതാണ്. (യൂണിറ്റ് ചെലവ് - 50,000 രൂപ) കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിന് തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത ഉപയോഗപ്പെടുത്തണം. അതിന് കഴിയുന്നില്ലെങ്കിൽ മാത്രമേ ധനസഹായം നൽകാൻ പാടുള്ളൂ.

**(iii) മിനി ഡയറി ഫാമുകളുടെ ആധുനികവത്ക്കരണം**

അഞ്ചോ അതിൽ കൂടുതലോ പശുക്കളുള്ള ഡയറി ഫാമുകൾക്ക് കറവയന്ത്രം, റബർമാറ്റ്, ഓട്ടോമാറ്റിക് ഡ്രിൻകർ : ഹാൻഡ് ഷവർ (പമ്പ് ഉൾപ്പെടെ), വീൽ ബാരോ, ഡംഗ് സ്കൂപ്പർ, ചാഫ് കട്ടർ, സ്ലറി പമ്പ് എന്നീ ആധുനിക സൗകര്യങ്ങൾ ഒരുമിച്ചോ ഭാഗികമായോ അനുവദിക്കുന്നതിന് പൊതു വിഭാഗത്തിന് ചെലവിന്റെ 50 ശതമാനം പരമാവധി 50,000 രൂപ വരെയും പട്ടികജാതി വിഭാഗത്തിന് ചെലവിന്റെ 75 ശതമാനം (പരമാവധി 75,000 വരെയും) പട്ടികവർഗ്ഗ

വിഭാഗത്തിന് ചെലവിന്റെ 100 ശതമാനം (പരമാവധി 1,00,000 രൂപ വരെയും) സബ്സിഡി അനുവദിക്കാവുന്നതാണ്. (യൂണിറ്റ് ചെലവ് 1,00,000 രൂപ).

**(iv) തീറ്റപ്പുൽ കൃഷി**

നാമമാത്ര - ചെറുകിട കർഷകർക്ക് സ്വന്തം ഭൂമിയിൽ കൃഷി ചെയ്യുന്നതിനോ വ്യക്തികൾക്ക്/ ഗ്രൂപ്പുകൾക്ക് പാട്ടക്കൃഷി ചെയ്യുന്നതിനോ ഒരു ഹെക്ടറിന് 15,000 രൂപ നിരക്കിൽ (യൂണിറ്റ് ചെലവിന്റെ 50% നിരക്കിൽ) കൃഷി സ്ഥലത്തിന് ആനുപാതികമായി പരമാവധി 30,000 രൂപ വരെ അനുവദിക്കാവുന്നതാണ്. (യുണിറ്റ് ചെലവ് - ഒരു ഹെക്ടറിന് 30,000 രൂപ).

**(v) അടുക്കള മുറ്റത്തെ കോഴി വളർത്തൽ**

അഞ്ച് കോഴിക്കുഞ്ഞുങ്ങളുടെ ഒരു യൂണിറ്റിന്, ഗുണഭോക്താവ് സ്വന്തമായി കൂട് സ്ഥാപിക്കുകയോ തൊഴിലുറപ്പ് പദ്ധതിയിൽ നിർമ്മിക്കുകയോ ചെയ്യുകയാണെങ്കിൽ, എല്ലാ വിഭാഗം ഗുണഭോക്താക്കൾക്കും കോഴിക്കുഞ്ഞുങ്ങളുടെ വിലയുടെ 100 ശതമാനം പരമാവധി 600 രൂപ വരെ സബ്സിഡി അനുവദിക്കാവുന്നതാണ്. (യൂണിറ്റ് കോസ്റ്റ് 600 രൂപ). കൂട് സ്വന്തമായി സ്ഥാപിക്കുന്നതിനോ തൊഴിലുറപ്പ് പദ്ധതിയിൽ നിർമ്മിക്കുന്നതിനോ കഴിയുന്നില്ലെങ്കിൽ താഴെപ്പറയുന്ന പ്രകാരം സഹായം നൽകാം.

അഞ്ച് കോഴി കുഞ്ഞുങ്ങളുടെ ഒരു യൂണിറ്റിന് പൊതുവിഭാഗത്തിന് 50 ശതമാനം പരമാവധി 300 രൂപയും പട്ടിക ജാതി വിഭാഗത്തിന് 75 ശതമാനം പരമാവധി 450 രൂപയും, പട്ടികവർഗ്ഗ വിഭാഗത്തിന് 100 ശതമാനം പരമാവധി 600 രൂപയും. കൂടിന് എല്ലാ വിഭാഗം ഗുണഭോക്താക്കൾക്കും ചെലവിന്റെ 25 ശതമാനം പരമാവധി 500 രൂപയും അനുവദിക്കാവുന്നതാണ്. (അഞ്ച് കോഴിക്കുഞ്ഞുങ്ങളുടെ യൂണിറ്റ് ചെലവ് - 600 രൂപ, അഞ്ച് കോഴിക്കുഞ്ഞുങ്ങളുടെ കൂടിന്റെ യൂണിറ്റ് ചെലവ് 2000 രൂപ). അഞ്ചിന്റെ ഗുണിതങ്ങളായി പരമാവധി 25 കോഴി കുഞ്ഞുങ്ങൾ വരെയുള്ള യൂണിറ്റുകൾ മേൽപ്പറഞ്ഞ മാനദണ്ഡങ്ങൾ പ്രകാരം അനുവദിക്കാവുന്നതാണ്. കോഴിക്കുഞ്ഞുങ്ങൾ 45 മുതൽ 60 ദിവസം വരെ പ്രായമുള്ളവ ആയിരിക്കണം. കാട, താറാവ് മുതലായ വളർത്തു പക്ഷികളെ നൽകുന്നതിനും കോഴികുഞ്ഞുങ്ങളെ അഞ്ചിന്റെ ഗുണിതങ്ങൾ അല്ലാതെ നൽകുന്നതിനും നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിക്കാവുന്നതാണ്.

**(vi) പന്നിവളർത്തൽ**

മൂന്ന് മാസം വരെ പ്രായമുള്ള അഞ്ച് ക്രോസ് ബ്രീഡ് പന്നിക്കുട്ടികളുടെ ഒരു യൂണിറ്റിന് 90,000 രൂപ. യൂണിറ്റ് ചെലവിൽ പൊതു വിഭാഗത്തിന് 50 ശതമാനം (പരമാവധി 45,000 രൂപവരെയും) പട്ടികജാതി വിഭാഗത്തിന് 75 ശതമാനം (പരമാവധി 67,500 രൂപവരെയും) പട്ടികവർഗ്ഗ വിഭാഗത്തിന് 100 ശതമാനം (പരമാവധി 90,000 രൂപ വരെയും) സബ്സിഡി അനുവദിക്കാവുന്നതാണ്. [യൂണിറ്റ് ചെലവ് - 90,000 രൂപ (5 പന്നിക്കുട്ടികളുടെ ചെലവ് 27,500, കൂട് - 35,000, തീറ്റ ഒരു ദിവസം 500 ഗ്രാം നിരക്കിൽ ഒരു പന്നിക്ക് 100 ദിവസത്തേയ്ക്ക് - 6250, ബയോ ഗ്യാസ് പ്ലാന്റ് - 20,000, മരുന്ന് - മറ്റ് ചെലവുകൾ - 1,250, ആകെ 90,000 രൂപ) ] ആവശ്യമായ ലൈസൻസുകൾ നേടിയിരിക്കണം. കൂട് നിർമ്മാണം തൊഴിലുറപ്പ്

പദ്ധതിയിൽ നിർവഹിക്കുന്നതിനുള്ള സാധ്യത ഉപയോഗപ്പെടുത്തണം. തൊഴിലുറപ്പ് പദ്ധതിയിൽ നിർവഹിക്കുകയാണെങ്കിൽ യൂണിറ്റ് ചെലവിൽ (90,000 രൂപ) നിന്നും കൂട് നിർമ്മാണത്തിന്റെ യൂണിറ്റ് തുക കുറവ് ചെയ്തതിനു ശേഷമുള്ള ബാക്കി തുകയെ അടിസ്ഥാനമാക്കി സബ്സിഡി തുക (പൊതു വിഭാഗം 50%, പട്ടികജാതി-75%, പട്ടികവർഗ വിഭാഗം 100%) അനുവദിക്കാവുന്നതാണ്.

## സി. ഫിഷറീസ്

താഴെപ്പറയുന്ന മൂന്ന് പ്രോജക്ടുകളുടെ സബ്സിഡി മാനദണ്ഡങ്ങൾ പുതുതായി ഉൾപ്പെടുത്താൻ തീരുമാനിച്ചു.

### (i) വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യകൃഷി

80 ചതുരശ്ര മീറ്റർ (രണ്ട് സെന്റ്) വിസ്തീർണ്ണമുള്ള കുളം 40 സെന്റീമീറ്റർ ആഴത്തിൽ കുഴിയെടുത്ത് പ്രസ്തുത മണ്ണ് ഉപയോഗിച്ച് കുളത്തിന് ചുറ്റുമായി 110 സെന്റീമീറ്റർ ഉയരത്തിൽ ബണ്ട് രൂപീകരിച്ച ശേഷം (ആകെ 150 സെ.മി) കുളത്തിൽ പടുത വിരിക്കൽ, അടിത്തട്ട് ഒരുക്കൽ, 125 സെന്റീ മീറ്റർ ഉയരത്തിൽ ജലം നിറയ്ക്കൽ, സംരക്ഷിത വല സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ നിർവഹിച്ച് 1000 മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിച്ച് വളർത്തുന്നതിനുള്ള പ്രോജക്ടിന് യോഗം അംഗീകാരം നൽകി.

[◆ അടിസ്ഥാന സൗകര്യ വികസനം - 74,000 രൂപ (കുളം കുഴിക്കൽ - 18,400 രൂപ, പോളിത്തിൻ ഷീറ്റും അനുബന്ധ സാമഗ്രികളും - 38,000 രൂപ, വാട്ടർ പമ്പ് - വെഞ്ചുറി പമ്പ് - സംരക്ഷിത വല - മറ്റ് ഉപകരണങ്ങൾ -17600 )

◆ പ്രവർത്തന ചെലവുകൾ - 49,000 (മത്സ്യ വിത്ത് -6000 രൂപ, തീറ്റ - 41,000 രൂപ, മെഡിസിൻ - 2000 രൂപ)

◆ ആകെ യൂണിറ്റ് ചെലവ് - 1,23,000 രൂപ]

പൊതു വിഭാഗം ഗുണഭോക്താക്കൾക്ക് യൂണിറ്റ് ചെലവിന്റെ 40 ശതമാനവും പട്ടികജാതി വിഭാഗക്കാർക്ക് യൂണിറ്റ് ചെലവിന്റെ 75 ശതമാനവും പട്ടികവർഗ്ഗവിഭാഗക്കാർക്ക് യൂണിറ്റ് ചെലവിന്റെ 100 ശതമാനവും സബ്സിഡി അനുവദിക്കാവുന്നതാണ്. സബ്സിഡി തുകയുടെ മൂന്നിൽ രണ്ട് വിഹിതം തദ്ദേശഭരണസ്ഥാപനവും മൂന്നിലൊന്ന് ഫിഷറീസ് വകുപ്പും വഹിക്കേണ്ടതാണ്.

**യൂണിറ്റ് കോസ്റ്റും സബ്സിഡിയും**

(**തുക രൂപയിൽ**)

| വിഭാഗം | യൂണിറ്റ് നിരക്ക് | പരമാവധി സബ്സീഡി | | | ഗുണഭോക്തൃ വിഹിതം / വായ്പ |
|---|---|---|---|---|---|
| | | തദ്ദേശഭരണ സ്ഥാപനം | ഫിഷറീസ് വകുപ്പ് | ആകെ | |
| പൊതുവിഭാഗം | 1,23,000 | 32,800 | 16,400 | 49,200 | 73,800 |
| പട്ടികജാതി വിഭാഗം | 1,23,000 | 61,500 | 30,750 | 92,250 | 30,750 |
| പട്ടികവർഗ വിഭാഗം | 1,23,000 | 82,000 | 41,000 | 1,23,000 | ഇല്ല |

ഒരു ഗുണഭോക്താവിന് പരമാവധി 4 യൂണിറ്റുകൾവരെ അനുവദിക്കാവുന്നതാണ്.

**(ii) ബയോഫ്ളോക്ക് മത്സ്യകൃഷി**

5.6 മീറ്റർ വ്യാസമുള്ള പ്ലാറ്റ് ഫോമിൽ 1.2 മീറ്റർ ഉയരമുള്ളതും 5 മീറ്റർ വ്യാസമുള്ളതുമായ ടാങ്ക് ഇരുമ്പ് ചട്ടക്കൂടിൽ നിർമ്മിച്ച് അതിനുള്ളിൽ 550 ജി.എസ്.എം കനമുള്ള പി.വി.സി ആവരണം ചെയത എച്ച്.ഡി.പി.ഇ ഷീറ്റ് വിരിച്ചശേഷം, ടാങ്കിൽ 4-6 സെ.മി വലുപ്പമുള്ള 1250 മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിച്ച് വളർത്തുന്നതിനുള്ള പ്രോജക്ടിനും അംഗീകാരം നൽകി.

[◆ മൂലധന ചെലവ് - 92,000 രൂപ (ടാങ്ക്, പി.വി.സി ആവരണം ചെയ്യപ്പെട്ട HDPE ഷീറ്റ് വിരിച്ചത് - 35,000 രൂപ, മേൽക്കൂര - 5600 രൂപ, വൈദ്യുതീകരണം - പ്ലംബിംഗ് – എയർപമ്പ് - ജനറേറ്റർ - മറ്റ് സൗകര്യങ്ങൾ - 51,400 രൂപ)

◆ പ്രവർത്തന ചെലവുകൾ - 46,000 രൂപ (മത്സ്യക്കുഞ്ഞ് - 10,000 രൂപ, തീറ്റ 23,300 രൂപ, മരുന്ന്- മറ്റ ചെലവുകൾ -12,700 രൂപ)

◆ ആകെ യൂണിറ്റ് ചെലവ് - 1,38,000 രൂപ ]

പൊതു വിഭാഗം ഗുണഭോക്താക്കൾക്ക് യൂണിറ്റ് ചെലവിന്റെ 40 ശതമാനവും പട്ടികജാതി വിഭാഗക്കാർക്ക് യൂണിറ്റ് ചെലവിന്റെ 75 ശതമാനവും പട്ടികവർഗ്ഗവിഭാഗക്കാർക്ക് യൂണിറ്റ് ചെലവിന്റെ 100 ശതമാനവും സബ്സിഡി അനുവദിക്കാവുന്നതാണ്. സബ്സിഡി തുകയുടെ മൂന്നിൽ രണ്ട് വിഹിതം തദ്ദേശഭരണസ്ഥാപനവും മൂന്നിലൊന്ന് ഫിഷറീസ് വകുപ്പും വഹിക്കേണ്ടതാണ്.

**യൂണിറ്റ് കോസ്റ്റും സബ്സിഡിയും**

(**തുക രൂപയിൽ**)

| വിഭാഗം | യൂണിറ്റ് നിരക്ക് | പരമാവധി സബ്സിഡി | | | ഗുണഭോക്തൃ വിഹിതം / വായ്പ |
|---|---|---|---|---|---|
| | | തദ്ദേശഭരണ സ്ഥാപനം | ഫിഷറീസ് വകുപ്പ് | ആകെ | |
| പൊതുവിഭാഗം | 1,38,000 | 36,800 | 18,400 | 55,200 | 82,800 |
| പട്ടികജാതി വിഭാഗം | 1,38,000 | 69,000 | 34,500 | 1,03,500 | 34,500 |
| പട്ടികവർഗ വിഭാഗം | 1,38,000 | 92,000 | 46,000 | 1,38,000 | ഇല്ല |

ഒരു ഗുണഭോക്താവിന് പരമാവധി 4 യൂണിറ്റുകൾ വരെ അനുവദിക്കാവുന്നതാണ്.

**(iii) കുളത്തിലെ കരിമീൻ കൃഷി**

കുറഞ്ഞത് 50 സെന്റ് വിസ്തൃതിയുള്ള സ്ഥലത്തിനുള്ളിൽ ഒരു മീറ്റർ ആഴമുള്ള കുളത്തിൽ ബണ്ട് നിർമ്മിച്ച് അതിനുള്ളിൽ 1500 കരിമീൻ കുഞ്ഞുങ്ങളും 6 കിലോഗ്രാം പൊരുന്ന മത്സ്യങ്ങളും നിക്ഷേപിച്ച് വളർത്തുന്നതിനുള്ള പ്രോജക്ടിന് അംഗീകാരം നൽകി.

[◆ അടിസ്ഥാനസൗകര്യ വികസനം – 65,000 രൂപ (നിലവിലുള്ള കുളത്തിന്റെ ബണ്ട് നന്നാക്കൽ - 16,100 രൂപ, ജലവിനിമയ പൈപ്പുകൾ - സംരക്ഷിത വല തുടങ്ങിയവ – 48,900 രൂപ )

◆ പ്രവർത്തന ചെലവുകൾ - 85,000 രൂപ

(മത്സ്യവിത്ത് - 15,000 രൂപ, പൊരുന്ന മത്സ്യം - 3000 രൂപ, തീറ്റ -50,000 രൂപ, കുമ്മായം - ഡോളോമൈറ്റ് - 17,000 രൂപ)

- ആകെ യൂണിറ്റ് ചെലവ് -1,50,000 രൂപ ]

പൊതു വിഭാഗം ഗുണഭോക്താക്കൾക്ക് യൂണിറ്റ് ചെലവിന്റെ 40 ശതമാനവും പട്ടികജാതി വിഭാഗക്കാർക്ക് യൂണിറ്റ് ചെലവിന്റെ 75 ശതമാനവും പട്ടികവർഗ്ഗവിഭാഗക്കാർക്ക് യൂണിറ്റ് ചെലവിന്റെ 100 ശതമാനവും സബ്സിഡി അനുവദിക്കാവുന്നതാണ്. സബ്സിഡി തുകയുടെ മൂന്നിൽ രണ്ട് വിഹിതം തദ്ദേശഭരണസ്ഥാപനവും മൂന്നിലൊന്ന് ഫിഷറീസ് വകുപ്പും വഹിക്കേണ്ടതാണ്.

**യൂണിറ്റ് കോസ്റ്റും സബ്സിഡിയും**

**(തുക രൂപയിൽ)**

| വിഭാഗം | യൂണിറ്റ് നിരക്ക് | പരമാവധി സബ്സിഡി | | | ഗുണഭോക്തൃ വിഹിതം / വായ്പ |
|---|---|---|---|---|---|
| | | തദ്ദേശഭരണ സ്ഥാപനം | ഫിഷറീസ് വകുപ്പ് | ആകെ | |
| പൊതുവിഭാഗം | 1,50,000 | 40,000 | 20,000 | 60,000 | 90,000 |
| പട്ടികജാതി വിഭാഗം | 1,50,000 | 75,000 | 37,500 | 1,12,500 | 37,500 |
| പട്ടികവർഗ വിഭാഗം | 1,50,000 | 1,00,000 | 50,000 | 1,50,000 | ഇല്ല |

ഒരു ഗുണഭോക്താവിന് ഒരു യൂണിറ്റ് അനുവദിക്കാവുന്നതാണ്.

### (iv) വീട്ടു വളപ്പിൽ കുളത്തിലെ മത്സ്യകൃഷി, ബയോഫ്ളോക്ക് മത്സ്യകൃഷി, കുളത്തിലെ കരിമീൻ കൃഷി -

മത്സ്യക്കൃഷിയിൽ താല്പര്യമുള്ളതും സ്ഥല സൗകര്യമുള്ളതുമായ വ്യക്തികൾ, ഗ്രൂപ്പുകൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവരെ ഈ പ്രോജക്ടുകളുടെ ഗുണഭോക്താക്കളാക്കാം. അപേക്ഷയുടെ അടിസ്ഥാനത്തിൽ സ്ഥല പരിശോധന നടത്തി ഗുണഭോക്തൃ തെരഞ്ഞെടുപ്പിന് നിലവിലുള്ള നിബന്ധനകൾ പാലിച്ച് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാവുന്നതാണ്. വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യകൃഷി, ബയോഫ്ളോക്ക് മത്സ്യകൃഷി, കുളത്തിലെ കരിമീൻ കൃഷി എന്നീ പ്രോജക്ടുകളുടെ കൂടുതൽ സാങ്കേതിക വിശദാംശങ്ങളും അതിന്റെ വിജയകരമായ നടത്തിപ്പിന് സ്വീകരിക്കേണ്ട മാർഗ നിർദ്ദേശങ്ങളും ഉൾപ്പെടുത്തിക്കൊണ്ടുള്ള സർക്കുലർ ഫിഷറീസ് വകുപ്പ് ഡയറക്ടർ പുറപ്പെടുവിക്കേണ്ടതാണ്. കുളം നിർമ്മിക്കൽ തൊഴിലുറപ്പ് പദ്ധതിയിൽ നിർവഹിക്കുന്നതിനുള്ള സാധ്യത ഉപയോഗപ്പെടുത്തണം. തൊഴിലുറപ്പ് പദ്ധതിയിൽ നിർവ്വഹിക്കുന്ന പ്രവർത്തന ങ്ങളുടെ യൂണിറ്റ് തുക അതാത് യൂണിറ്റ് ചെലവിൽ കുറവ് ചെയ്യാവുന്നതും ശേഷിക്കുന്ന പ്രവർത്തനങ്ങളുടെ പദ്ധതി ചെലവിൽ നിന്നും സബ്സിഡി തുകയും ഗുണഭോക്തൃ വിഹിതവും നിശ്ചിത അനുപാതത്തിൽ (പൊതു വിഭാഗം 40 : 60, പട്ടികജാതി 75 : 25, പട്ടികവർഗ്ഗം 100 : 0) നിശ്ചയിച്ച് സബ്സിഡി തുകയുടെ മൂന്നിൽ രണ്ട് തദ്ദേശഭരണ സ്ഥപനത്തിനും മൂന്നിൽ ഒന്ന് ഫിഷറീസ് വകുപ്പിനും അനുവദിക്കാവുന്നതുമാണ്. കുളങ്ങളുടെ നിർമ്മാണം ഗുണഭോക്താവ് നേരിട്ട് നിർവഹിക്കുന്ന പക്ഷം ഗുണഭോക്തൃവിഹിതത്തിൽ ഉൾപ്പെടുത്താവുന്നതാണ്. വ്യക്തികൾക്കും ഗ്രൂപ്പുകൾക്കുമുള്ള പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണസ്ഥാപങ്ങൾക്കും നടപ്പാക്കാവുന്നതാണ്. എന്നാൽ ഗ്രൂപ്പുകളുടെ കാര്യത്തിൽ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്കും പ്രോജക്ടുകൾ

ഏറ്റെടുക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തുകളുടെ പ്രോജക്ടുകൾക്ക് ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളിൽ നിന്ന് വിഹിതവും നൽകാവുന്നതാണ്.

സാധനസാമഗ്രികൾ, മത്സ്യ കുഞ്ഞുങ്ങൾ മുതലായവ സർക്കാർ ഏജൻസികളായ ഏജൻസി ഫോർ ഡെവലപ്മെന്റ് ഓഫ് അക്വാകൾച്ചർ കേരള (ADAK), മത്സ്യകർഷക വികസന ഏജൻസി (FFDA) എന്നിവയിൽ നിന്നോ കാർഷിക/ക്ഷീര/മത്സ്യ സഹകരണ സംഘങ്ങളിൽ നിന്നോ നേരിട്ട് വാങ്ങാവുന്നതാണ്. അല്ലാത്ത പക്ഷം സ്വകാര്യ വിതരണക്കാരിൽ നിന്നും ഗുണഭോക്താക്കൾക്ക് നേരിട്ട് വാങ്ങാവുന്നതും ബില്ലുകൾ, വൗച്ചറുകൾ എന്നിവ ഹാജരാക്കുന്ന മുറയ്ക്ക് പരിശോധന നടത്തി ചെലവുകൾ യൂണിറ്റ് കോസ്റ്റിലെ ഇനം തിരിച്ചുള്ള ചെലവിൽ പരിമിതപ്പെടുത്തി ഗുണഭോക്തൃ വിഹിതത്തിൽ ഉൾപ്പെടുത്താവുന്നതും ഗുണഭോക്തൃ വിഹിതം കഴിച്ച് ബാക്കി തുക ഉണ്ടെങ്കിൽ സബ്സിഡിയിൽ ഉൾപ്പെടുത്തി അനുവദിക്കാവുന്നതുമാണ്. സബ്സിഡി തുക യൂണിറ്റിന്റെ നിർവഹണ പുരോഗതി വിലയിരുത്തി പണമായോ സാധനമായോ ഗഡുക്കളായി അനുവദിക്കാവുന്നതാണ്. മത്സ്യകൃഷിയെ ഫിഷറീസ് വകുപ്പിന്റെ ഇൻഷ്വറൻസ് സ്കീമിന്റെ ഭാഗമാക്കണം. ഗുണഭോക്തൃ വിഹിതം സ്വന്തമായി കണ്ടെത്തുന്നതിന് ബുദ്ധിമുട്ട് നേരിടുന്ന സന്ദർഭത്തിൽ ഉദാര പലിശ വ്യവസ്ഥയിൽ വായ്പ ലഭ്യമാക്കാൻ ശ്രമിക്കണം

**ഡി. വരുമാന പരിധി**

കാർഷിക മേഖലയിൽ നാമമാത്ര-ചെറുകിട കർഷകർക്കാണ് അർഹതയെങ്കിലും നെൽകൃഷിയുടെ കാര്യത്തിൽ രണ്ട് ഹെക്ടറിലധികം കൃഷി ചെയ്യുന്ന കർഷകർക്കും രണ്ട് ഹെക്ടർ വരെയുള്ള കൃഷിക്ക് ആനുകൂല്യം നൽകാവുന്നതാണ്. മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യവികസനം എന്നീ മേഖലകളിൽ കുടുംബ വാർഷിക വരുമാനം 5 ലക്ഷം രൂപ വരെയുള്ളവർക്ക് ആനുകൂല്യം നൽകാവുന്നതാണ്. ഉത്പാദനമേഖലയിലെ പ്രോജക്ടുകളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് 20.05.2020-ലെ 928/20 തസ്വഭവ നമ്പർ പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് സുഭിക്ഷ കേരളം പ്രോജക്ടുകളുടെ ഗുണഭോക്താക്കളെ നിശ്ചയിക്കാവുന്നതാണ്.

**3.2** തദ്ദേശഭരണസ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണത്തിന്റെയും ഭരണ മികവിന്റേയും അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ അവാർഡ് നൽകുന്നുണ്ട്. കഴിഞ്ഞ മൂന്നുവർഷമായി ഇങ്ങനെ നൽകുന്ന തുക പദ്ധതി വിഹിതത്തിന്റെ ശീർഷകത്തിലാണ് നൽകുന്നത്. തുക മിക്കപ്പോഴും നൽകുന്നത് സാമ്പത്തിക വർഷത്തിന്റെ അവസാന പാദത്തിലാണ്. പലപ്പോഴും മാർച്ച് 31-നകം ഈ തുക ചെലവഴിക്കാൻ കഴിയില്ല. അതിനാൽ സാമ്പത്തികവർഷം കഴിയുന്നതോടെ തുക ലാപ്സായി പോകും. ഇത് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു എന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾ അറിയിച്ചിട്ടുണ്ട്.

മുൻ കാലങ്ങളിൽ ഇങ്ങനെയുള്ള അവാർഡ് തുക PD അക്കൗണ്ടിലേക്ക് കൈമാറുന്ന രീതിയായിരുന്നു. ഈ രീതി പുനഃസ്ഥാപിക്കുകയോ അല്ലെങ്കിൽ ഒരു വർഷം കൂടി ക്യാരി ഓവറായി വിഹിതം അനുവദിക്കുന്നതോ പരിഗണിക്കണമെന്ന് ധന വകുപ്പിനോടാവശ്യപ്പെടാൻ തീരുമാനിച്ചു.

**നടപടി - 1) തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**
**2) ധന വകുപ്പ്**

**3.3** 2018-ലെ മഹാപ്രളയത്തിന്റെ കെടുതിയെ നേരിടുന്നതിന്റെ ഭാഗമായി ജീവനോപാധികൾക്കും മറ്റുമായി പ്രളയബാധിത തദ്ദേശഭരണസ്ഥാപനങ്ങൾക്ക് രണ്ടു ഘട്ടങ്ങളിലായി (212.50 കോടി + 37.50 കോടി) ആകെ 250.00 കോടി രൂപ അനുവദിച്ചിരുന്നു. കഴിഞ്ഞ സാമ്പത്തികവർഷം അവസാനമാണ് ഈ തുക അനുവദിച്ചത്. മിക്ക തദ്ദേശഭരണസ്ഥാപനങ്ങൾക്കും ഈ തുക മുഴുവനായും ഉപയോഗിക്കാൻ കഴിഞ്ഞില്ല. ഈ വിഷയം ബഹു.ധനവകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നതിനെ തുടർന്ന് ഈ തുകയിൽ ചെലവഴിക്കാത്ത വിഹിതം ക്യാരി ഓവറായി പ്രത്യേകം അനുവദിക്കാമെന്നും ഇതിനുള്ള കഴിഞ്ഞവർഷത്തെ പ്രോജക്ടുകൾ ഈ വർഷം സ്പിൽ ഓവറായി തുടരാവുന്നതാണെന്നും ബഹു. മന്ത്രി അറിയിച്ചിരുന്നു. ഇതു സംബന്ധിച്ച് ഉത്തരവ് അടിയന്തിരമായി ഇറക്കാൻ വകുപ്പുതലത്തിൽ നടപടി സ്വീകരിക്കണം.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**3.4** പി.എച്ച്.സി., സി.എച്ച്.സി കളുടെ പ്രവർത്തനം ഉച്ച കഴിഞ്ഞ് കൂടി പൊതുജനങ്ങൾക്ക് ലഭ്യമാക്കാൻ ഡോക്ടറെയും പാരാമെഡിക്കൽ സ്റ്റാഫിനെയും (ഒന്നു വീതം) കരാറടിസ്ഥാനത്തിൽ നിയമിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ 6 മാസത്തേയ്ക്ക് (ജൂൺ 1 മുതൽ) ഓരോ സ്റ്റാഫ് നേഴ്സിനേയും എല്ലാ പി.എച്ച്.സി,കളിലും സി.എച്ച്.സി.കളിലും നിയമിക്കാൻ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകുന്നു. ഇതിനായി ad-hoc നിയമന രീതിക്കുള്ള മാനദണ്ഡം സ്വീകരിക്കേണ്ടതാണ്.

**നടപടി- തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ്**

**3.5** കൊവിഡ്-19 ന്റെ പശ്ചാത്തലത്തിൽ സാധാരണപോലെ ജൂൺ 1 മുതൽ വിദ്യാലയങ്ങളിൽ ക്ലാസ്സ് തുടങ്ങാൻ സാധിക്കില്ല. അതിനാൽ 1 മുതൽ 12 വരെയുള്ള ക്ലാസ്സുകളിലെ മുഴുവൻ കുട്ടികൾക്കും ഓൺ ലൈൻ ക്ലാസ് നൽകാൻ പൊതു വിദ്യാഭ്യാസ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ എല്ലാ ഗ്രാമപഞ്ചായത്ത് നഗരസഭാ പരിധിയിലും ഓൺ ലൈന് ക്ലാസ്സിൽ പങ്കെടുക്കാൻ കഴിയാത്ത കഴിയാത്ത വിദ്യാർത്ഥികളെ കണ്ടെത്തി ആവർക്കാവശ്യമായ സൗകര്യങ്ങൾ സ്പോൺസർഷിപ്പിലൂടെയും മറ്റും ഉറപ്പു വരുത്തുന്നതിനാവശ്യമായ ഇടപെടലുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ചെയ്യണം. ഓൺലൈൻ ക്ലാസ്സുകൾ ലഭ്യമാക്കാൻ സാധിക്കാത്ത കുട്ടികൾക്ക് വായനശാല പോലുള്ള പൊതു സ്ഥലങ്ങളിൽ ഓൺലൈൻ ക്ലാസ്സ് സംഘടിപ്പിക്കാനുള്ള ഇടപെടൽ തദ്ദേശഭരണ സ്ഥാപനങ്ങൾ ചെയ്യണം.

**നടപടി:-തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

4. പ്രത്യേക വിഷയങ്ങൾ

====================

## 4.1 National Institute of Physical Medicine & Rehabiitation

**National Institute of Physical Medicine & Rehabiitation Executitve Director -ന്റെ 23.07.2019-ലെ കത്തും 02.02.2020-ലെ തസ്വഭവ - DA1/339/2019/തസ്വഭവ സർക്കാർ കത്തും ( SRG 363/20)**

തൃശ്ശൂർ കല്ലേറ്റുംകര നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ & റിഹാബിലിറ്റേഷൻ (NIPMR) ഭിന്നശേഷിക്കാർക്കായി പ്രോസ്തറ്റിക്സ് & ഓർത്തോട്ടിക്ക് ഉപകരണങ്ങൾ നിർമ്മിക്കുന്നുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമുള്ള ഇത്തരം ഉപകരണങ്ങൾ NIPMR-ൽ നിന്ന് ടെണ്ടർ നടപടി കൂടാതെ വാങ്ങാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** NIPMR ഉല്പാദിപ്പിക്കുന്ന ഉപകരണങ്ങളുടെ ഗുണ നിലവാരം പരിശോധിച്ച് സാമൂഹ്യനീതി ഡയറക്ടർ റിപ്പോർട്ട് നൽകണം. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും.

**നടപടി :- 1) തദ്ദേശസ്വയംഭരണ ( ഡി.എ) വകുപ്പ്**
**2)സാമൂഹ്യനീതി ഡയറക്ടർ**

## 4.2 മാറാക്കര ഗ്രാമപഞ്ചായത്ത്

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 09.03.2020-ലെ കത്തും മാറാക്കര ഗ്രാപഞ്ചായത്ത് സെക്രട്ടറിയുടെ 25.10.2019-ലെ A3/6299/19-ാം നമ്പർ കത്തും (SRG 266/20 - CC /299/20)**

പഞ്ചായത്തിൽ 14-ാം വാർഡിൽ താമസക്കാരിയായ ശ്രീമതി.ദേവകി ചേരിക്കല്ലിങ്കൽ എന്ന ആൾ ഭൂമിയുള്ള ഭവന രഹിതരുടെ ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നു.അർഹത പരിശോധിച്ച് ഒന്നാം ഗഡുവായ 40,000/- രൂപയും നൽകി. എന്നാൽ പിന്നീടുള്ള പരിശോധനയിൽ ഇവരുടെ ഭർത്താവിന് 2010-11-ൽ ഇ.എം.എസ് ഭവന പദ്ധതി പ്രകാരം 52,500/-രൂപ ധനസഹായം ലഭിച്ചിട്ടുണ്ടെന്നറിഞ്ഞു. ഇതിനെ തുടർന്ന് ലൈഫ് പദ്ധതി പ്രകാരം കൈപ്പറ്റിയ തുക തിരികെ അടച്ചു. ലൈഫ് പദ്ധതി പ്രകാരം വീട്ടു നിർമ്മാണത്തിന് ഇ.എം.എസ് ഭവന പദ്ധതിയിൽ ലഭിച്ച 52,500/- രൂപ പലിശ സഹിതം തിരികെ അടയ്ക്കാൻ പഞ്ചായത്ത് ആവശ്യപ്പെട്ടിരിക്കുകയാണ്. ഇതിന് പലിശ ഒഴിവാക്കി നൽകണമെന്ന് ഗുണഭോക്താവ് ആവശ്യപ്പെട്ടതനുസരിച്ച് പലിശ ഒഴിവാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം**:- പ്രത്യേക അനുമതി നൽകുന്നു.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.3 മതിലകം ബ്ലോക്ക് പഞ്ചായത്ത്

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 24.02.2020-ലെ കത്തും മതിലകം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 24.01.2020-ലെ A-650/2012 നമ്പർ കത്തും (SRG 242/20 CC /81/20))**

നിർത്തലാക്കിയ കൊടുങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത് കെട്ടിടം ഗ്രാമ ന്യായാലയത്തിന്റെ പ്രവർത്തനത്തിന് വിട്ടു നൽകാൻ 20.12.2016-ലെ 3406/16/തസ്വഭവ നമ്പറായി സർക്കാർ അനുമതി നൽകിയിരുന്നു. കെട്ടിടം പ്രവർത്തന യോഗ്യമാക്കുന്നതിന് ബ്ലോക്കിലെ 7 ഗ്രാമപഞ്ചായത്തുകളിൽ നിന്നായി തനത് ഫണ്ടിനത്തിൽ 25,000/- രൂപ വീതം സമാഹരിക്കാനും സർക്കാർ അനുമതി നൽകിയിരുന്നു. ഗ്രാമ ന്യായാലയത്തിന്റെ പ്രവർത്തനം ഉടനെ ആരംഭിക്കുന്ന തിനായി പ്രോജക്ട് തയ്യാറാക്കാതെ ശ്രീ . ഷിഹാബ് എന്നയാളെ കൊണ്ട് പ്രവൃത്തി ചെയ്യിപ്പിച്ചു. ഇതിനായി 2,29,390/- രൂപ ചെലവഴിച്ചു. എന്നാൽ ഇതിന്റെ വാല്യുവേഷൻ തുക 1,77,757/- രൂപയാണ്. ഇതു കൂടാതെ ഉത്ഘാടനവുമായി ബന്ധപ്പെട്ട് ബാർ അസോസിയേഷൻ പ്രസിഡന്റ് ചെയർമാനായും അബ്ദുൾ വഹാബ് കൺവീനറുമായ കമ്മിറ്റി 1,60,753/- രൂപ ചെലവഴിച്ചു. പണം ലഭിക്കാനുള്ളവർ കൊടുങ്ങല്ലൂർ താലൂക്ക് ലീഗൽ സർവ്വീസ് കമ്മിറ്റിയിൽ പരാതിപ്പെട്ടതു പ്രകാരം 7 ഗ്രാമപഞ്ചായത്തിൽ നിന്നും ശേഖരിച്ച പണം ഉത്ഘാടന ചെലവിനത്തിൽ കമ്മിറ്റി കൺവീനർക്ക് നൽകാനും മറ്റു പ്രവൃത്തികൾ നടത്തിയ ശ്രീ. ഷഹാബിന് നൽകാനുള്ള വാല്യുവേഷൻ തുകയായ 1,77,757/- രൂപ നൽകാൻ 2019-20-ൽ പ്രോജക്ട് വച്ചു തുക നൽകാനും ഉത്തരവിട്ടു. ഇതിനായി പ്രോജക്ട് തയ്യാറാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തിയുടെ വാലുവേഷൻ തുക നല്കാൻ അനുമതി നൽകുന്നു. ഇതിനായി ഗ്രാമപഞ്ചായത്തുകൾ വിഹിതം നൽകിയിട്ടുണ്ടെങ്കിൽ അത് ഉപയോഗിക്കണം. തുക ലഭിച്ചിട്ടില്ലെങ്കിൽ അനുവദനീയമായ വിഹിതം ഉപയോഗിച്ച് പ്രോജക്ട് തയ്യാറാക്കി ജില്ലാ ആസൂത്രണസമിതി അനുമതിയോടെ നൽകണം. ഉത്ഘാടനവുമായി ബന്ധപ്പെട്ട ചെലവിന് തുക നൽകാനുള്ള അനുമതി നിരസിച്ചു.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

## 4.4 പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്ത്

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.02.2020-ലെ കത്ത് (SRG 239/20 - CC-148/20)**

പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തിലെ 8 ഗ്രാമപഞ്ചായത്തുകളിൽ വെള്ളറട, അമ്പൂരി ഗ്രാമപഞ്ചായത്തുകൾ ഒഴികെ മറ്റിടങ്ങളിൽ ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നു. വെള്ളറട ഗ്രാമപഞ്ചായത്തിലെ സ്നേഹഭവൻ റിഹാബിലിറ്റേഷൻ സെന്റർ, കത്തിപ്പാറ, കൂതാളി, വെള്ളറട എന്നീ ബഡ്സ് സ്കൂളും അമ്പൂരി ഗ്രാമപഞ്ചായത്തിലെ നവജ്യോതി, പാമ്പാരംകാവ്, അമ്പൂരി ബഡ്സ് സ്കൂളുകളും സ്വകാര്യ മാനേജ്മെന്റുകളാണ് നടത്തുന്നത്. ഈ സ്കൂളിന് ആനുകൂല്യം നൽകുന്നതിന് പ്രോജക്ട് തയ്യാറാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**തിരുമാനം :-** വിശദാംശങ്ങൾ ഇല്ലാത്തതിനാൽ പരിഗണിച്ചില്ല

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

## 4.5 എറണാകുളം ജില്ലാ പഞ്ചായത്ത്

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 24.02.2020-ലെ ഓൺ ലൈൻ കത്തും ജില്ലാ പ്ലാനിംഗ് ഓഫീസറുടെ ഇതേ തീയതിയിലെ തന്നെ 69351/19/CC/DPO/EKM നമ്പർ കത്തും അനുബന്ധ രേഖകളും (SRG 240/20 - CC/722/19)**

എറണാകുളം ജില്ലാ പഞ്ചായത്ത് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികൾക്ക് വിദേശ പഠനത്തിന് ധനസഹായം നൽകാൻ പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അനഘാ ഷിബു,കരിക്കപ്പഴ വീട്, ഏഴിക്കര എന്ന കുട്ടി MBBS-ന്(ഒന്നാം വർഷം) റഷ്യയിൽ നേർത്തേൺ സ്റ്റേറ്റ് മെഡിക്കൽ യൂണിവേഴ്സിറ്റിയിൽ പഠിക്കുന്നു. കുട്ടിയുടെ കുടുംബ വാർഷിക വരുമാനം 36,000/- രൂപയാണ്. ധനസഹായം നൽകാൻ അനുമതി സംബന്ധിച്ച്. ട്യൂഷൻ ഫീസ്$ 4,500, ഹോസ്റ്റൽ ഫീസ്$ 1000 ഇൻഷ്വറൻസ് $250 ഫുഡ് $1000. 6 വർഷത്തേയ്ക്ക് 40,500 ഡോളർ. ആകെ വാർഷിക ഫീസ് 6750 ഡോളർ (ഏകദേശം ആകെ 29.00 ലക്ഷം രൂപ.)

**തീരുമാനം :-** ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ കില ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2)ഡയറക്ടർ, കില**

## 4.6 കോഴിക്കോട് ജില്ലാ പഞ്ചായത്ത്

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 23.10.2019-ലെ കത്തും (SRG 912/19 CC - 576/19)**

**പ്രോ.നം. 227/20** **അടങ്കൽ - 42,00,000/- രൂപ (വികസനഫണ്ട്)**

**പേര് - 2019-20 വേളം ആയഞ്ചേരി - കോൾ നിലം കൃഷിക്ക് ഉപയുക്തമാക്കൽ**

കോഴിക്കോട് ജില്ലാ പഞ്ചായത്ത്, വേളം - ആയഞ്ചേരി പ്രദേശത്തെ കോൾ നിലങ്ങളിൽ നെല്ലുല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 2007-08 വർഷം പദ്ധതി തയ്യാറാക്കി. സർക്കാർ അനുമതിയോടെ പ്രവൃത്തി കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ (KLDC)-നെ ഏൽപ്പിച്ചു. 2009-ൽ പ്രവൃത്തി പൂർത്തിയാക്കണമെന്നായിരുന്നു KLDC-യുമായി കരാർ. എന്നാൽ പ്രവൃത്തിയുടെ 80 ശതമാനം മാത്രമേ പൂർത്തിയായുള്ളൂ. 2016 മാർച്ച് 31-ന് അവസാനിച്ച CAG ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 4.8 പ്രകാരം 'കോൾ' നിലങ്ങളുടെ വികസനത്തിലെ നിഷ് ഫല ചെലവ് എന്നു രേഖപ്പെടുത്തി. ഇത് പിന്നീട് നിയമസഭാ സമിതിയുടെ പരിഗണനയ്ക്ക് വന്നു. 15.05.2019 ൽ നടന്ന നിയമസഭാ സമിതി യോഗത്തിൽ ഈ പ്രവൃത്തിയുടെ ബാക്കി നിർമ്മാണം വരും വർഷങ്ങളിലെ പ്രോജക്ടിൽ

ഉൾപ്പെടുത്തണമെന്ന് നിയമസഭാ സമിതി നിർദ്ദേശിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ 1.00 കോടി രൂപ വകയിരുത്തി ബഹു വർഷ പ്രോജക്ട് തയ്യാറാക്കുന്നതിന് ജില്ലാ പഞ്ചായത്ത് തീരുമാനമെടുത്തു. 2019-20-ൽ 42.00 ലക്ഷവും 2020-21-ൽ 58.00 ലക്ഷവും വകയിരുത്തി ജില്ലാ ആസൂത്രണസമിതി അംഗീകാരം വാങ്ങിയിട്ടുണ്ട്. ഈ തുക KLDCയ്ക്ക് ഡെപ്പോസിറ്റ് ചെയ്ത് പ്രവൃത്തി നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** അടുത്ത കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിലേയ്ക്ക് KLDC അധികൃതരെ കൂടി ക്ഷണിക്കാൻ തീരുമാനിച്ചു. പിന്നീട് പരിഗണിക്കും.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.7 ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത്

**ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 13.09.2018-ലെ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 31.12.2018-ലെ (ഖണ്ഡിക 4.52) തീരുമാനവും ഗ്രാമവികസന കമ്മീഷണറുടെ 16.10.2019-ലെ DP4/2428/19/CRD നമ്പർ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 28.01.20-ലെ തീരുമാനവും (SRG 1032/19 - LSGD/DD2/481/2018 - LSGD)**

ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ ഗ്രാമ ന്യായാലയം പണിയാൻ 75.00 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. MPLAD-യിൽ 45.00 ലക്ഷം രൂപ അനുവദിച്ചു. ബ്ലോക്ക് പഞ്ചായത്ത് 15.00 ലക്ഷം രൂപയും. ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 6 ഗ്രാമപഞ്ചായത്തുകളിൽ നിന്ന് 2.50 ലക്ഷം രൂപ വീതം കൂടി ഉൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കാൻ അനുമതി സംബന്ധിച്ച്.

കോഓർഡിനേഷൻ കമ്മിറ്റിയുടെ 31.12.2018-ൽ ഇതു പരിഗണിച്ചിരുന്നു വെങ്കിലും ഇതിന് കേന്ദ്ര വിഹിതം ലഭിക്കുന്നതിന്റെ സാധ്യത കൂടി ആരായണ മെന്നും ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളുടെ യോഗം വിളിച്ച് റിപ്പോർട്ട് സഹിതം നൽകണമെന്നും നിർദ്ദേശിച്ചിരുന്നു. ഗ്രാമ വികസന കമ്മീഷണർ ഇതു പരിശോധിച്ച് റിപ്പോർട്ടു നൽകാനും നിർദ്ദേശിച്ചിരുന്നു. ഗ്രാമവികസന കമ്മീഷണറുടെ റിപ്പോർട്ട് പ്രകാരം ഈ കെട്ടിടത്തിന്റെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. കോടതി ആരംഭിക്കുന്നതിന് അനുബന്ധ ആവശ്യത്തിനായി 30.00 ലക്ഷം രൂപ കൂടി വേണം. ഗ്രാമപഞ്ചായത്തു കളുടെ യോഗം ചേർന്നു. സർക്കാർ അനുമതി ലഭിക്കുകയാണെങ്കിൽ 2.50 ലക്ഷം രൂപ വീതം നൽകാൻ തയ്യാറാണെന്ന് ഗ്രാമപഞ്ചായത്ത് അദ്ധ്യക്ഷൻമാർ അറിയിച്ചിട്ടുണ്ട്. കേന്ദ്ര വിഹിതം ലഭിക്കുന്നതിന് സാധ്യതയില്ലെന്നും ഗ്രാമവികസന കമ്മീഷണർ അറിയിച്ചു.

**തീരുമാനം :-** പ്രത്യേകാനുമതി നൽകുന്നു.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

## 4.8 വി.ഇ.ഒ മാർക്ക് ലാപ് ടോപ് വാങ്ങൽ

**ഗ്രാമവികസന കമ്മീഷണറുടെ 14.01.2020 -ലെ DP/5554/19/CRD നമ്പർ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 28.01.20-ലെ തീരുമാനവും ( SRG 104/20**

വി.ഇ.ഒ മാർ ഓരോ വർഷവും ഏകദേശം 1.00 കോടി രൂപയോളമുള്ള പ്രോജക്ടുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥരാണ്. ഇവർക്ക്ക്ലറിക്കൽ ജോലി ചെയ്യാൻ കമ്പ്യൂട്ടർ അടക്കം പ്രത്യേക സൗകര്യമില്ല. അതിനാൽ എല്ലാ വി.ഇ.ഒ മാർക്കും ബ്ലോക്ക്

പഞ്ചായത്തിന്റെ തനത് ഫണ്ടോ വികസനഫണ്ടോ ഉപയോഗിച്ച് ഒരു മിഡ് ലെവൽ സ്പെസിഫിക്കേഷനുള്ള (Windows Soft Ware) laptop വാങ്ങി നൽകാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം :-** തനത് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അതത് ബ്ലോക്ക് പഞ്ചായത്തിന് ഇതിനായി തുക ചെലവഴിക്കാൻ അനുമതി നല്കുന്നു. ലാപ് ടോപ് CPRCS പോർട്ടലിൽ നിന്നു തന്നെ വാങ്ങേണ്ടതാണ്.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

## 4.9 കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്

**കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് മെമ്പർ സെക്രട്ടറിയുടെ 10.01.2020-ലെ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 28.01.20-ലെ തീരുമാനവും (SRG 73/20)**

ഖാദി ഗ്രാമ വ്യവസായ കമ്മീഷന്റേയും കേരള ഖാദി വ്യവസായ ബോർഡിന്റേയും അംഗീകാരമുള്ള ഖാദി സ്ഥാപനങ്ങൾക്കും കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിനും സ്വന്തമായി സ്ഥലമുണ്ട്. കൂടാതെ മറ്റ് ഏജൻസികൾ സ്ഥലം വിട്ടു നൽകാറുമുണ്ട്. ഖാദി ഗ്രാമവ്യവസായവുമായി ബന്ധപ്പെട്ട മാർഗ്ഗരേഖയിൽ താഴെ പറയുന്ന കൂട്ടിച്ചേർക്കലുകൾ വേണമെന്നാവശ്യപ്പെട്ടിരിക്കുന്നു. ഈ സ്ഥലത്ത് ഖാദി ഗ്രാമ വ്യവസായ ഉല്പന്നങ്ങളുടെ നിർമ്മാണത്തിനും വിപണനത്തിനും കെട്ടിടം നിർമ്മിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും അനുമതി ആവശ്യപ്പെട്ടി രിക്കുന്നു. കൂടാതെ ചർക്കകളും തറികളും മറ്റ് ഉപകരണങ്ങളും വാങ്ങി നൽകുന്നതിനും പരിശീലനത്തിനും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രോജക്ട് തയ്യാറാക്കാൻ അനുമതി അവശ്യപ്പെട്ടിരിക്കുന്നു. കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് സ്വന്തം സ്ഥലത്തോ മറ്റ് സർക്കാർ ഏജൻസികൾ വിട്ടു നൽകുന്ന സ്ഥലത്തോ നടത്തുന്ന പദ്ധതികൾക്ക് 100 ശതമാനം സബ്സിഡിയും മറ്റു സ്ഥാപനങ്ങൾക്ക്/ സംഘങ്ങൾക്ക് ഇപ്പോഴത്തെ മാർഗ്ഗരേഖ പ്രകാരമുള്ള 80 ശതമാനം സബ്സിഡിയും തുടർന്ന് നൽകാനും അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**തീരുമാനം :-** നിലവിലുള്ള യൂണിറ്റുകൾക്ക് മാത്രമായി പ്രത്യേക അനുമതി നൽകുന്നു.

**നടപടി :- 1) തദ്ദേശസ്വയംഭരണ ( ഡി.എ ) വകുപ്പ്**

## 4.10 തുമ്പമൺ ഗ്രാമപഞ്ചായത്ത്

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 10.12.2019-ലെ കത്തും തുമ്പമൺ ഗ്രാമപഞ്ചായത്തിന്റെ 24.09.2018-ലെ 1/7-ാം നമ്പർ ഭരണസമിതി തീരുമാനവും (SRG 1143/19/CC/209/2018)**

സ്ട്രീറ്റ് ലൈറ്റുകൾക്ക് വൈദ്യുതി മീറ്റർ സ്ഥാപിക്കുന്നതിന് 06.08.2015 ൽ 3,81,600/- രൂപ (വികസന ഫണ്ട്) കെ.എസ്.ഇ.ബി.യ്ക്ക് ഡെപ്പോസിറ്റ് ചെയ്തു. 2 വർഷത്തിനു ശേഷം മീറ്റർ സ്ഥാപിച്ചു. ഇതിന്റെ ഫലമായി മാസംതോറുമുള്ള വൈദ്യുതി ബിൽ 64,616/- രൂപയിൽ നിന്ന് 22,151/-രൂപയായി കുറഞ്ഞു. 5 വർഷത്തെ

വാറണ്ടിയുണ്ടായിരുന്നു. എന്നാൽ മാസങ്ങൾക്കുശേഷം മീറ്റർ കേടായി ഈ സാഹചര്യത്തിൽ ഇതിന്റെ റിപ്പയറിംഗ് പ്ലാൻ ഫണ്ട്/ തനതു ഫണ്ട് ഉപയോഗിച്ച് ചെയ്യാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. കൂടാതെ മീറ്റർ സ്ഥാപിച്ച JILCO കമ്പനിക്കെതിരെ നടപടിയെടുക്കണമെന്നതും സംബന്ധിച്ച്.
കെ.എസ്.ഇ. ബി. പ്രതിനിധി യോഗത്തിൽ ഹാജരായിരുന്നു.

**തീരുമാനം :-** വാറന്റി കാലാവധി തീര്ന്നിട്ടില്ലാത്തതിനാൽ JILCO കമ്പനി തന്നെ റിപ്പയർ ചെയ്യണം. ഇതിനാവശ്യമായ നടപടി KSEB സ്വീകരിച്ച് പഞ്ചായത്ത് ഡയറക്ടർ മുഖേന കോഓർഡിനേഷൻ കമ്മിറ്റിക്ക് റിപ്പോർട്ട് ചെയ്യണം. JILCOയുടെ ഭാഗത്തു നിന്നും വീഴ്ച സംഭവിച്ചിട്ടുണ്ടെങ്കിൽ KSEB ഉചിതമായ നടപടി സ്വീകരിക്കണം.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.11 ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റി

**<u>പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 07.05.2020-ലെ കത്തും ചെർപ്പുളശ്ശേരി നഗരസഭാ സെക്രട്ടറിയുടെ 0303.2020-ലെ PW1/21/2017-ാം നമ്പർ കത്തും 29.07.2019-ലെ 6(6)ാം നമ്പർ കൗൺസിൽ തീരുമാനവും (SRG 342/20/CC/407/2020)</u>**

***പ്രോ.നം : - 378/17*** ***അടങ്കൽ 3,00,000/- രൂപ***
***(റോഡ് മെയിന്റനൻസ് ഗ്രാന്റ് - 2,50,000/- രൂപ***
***തനത് ഫണ്ട് 50,000/- രൂപ )***

***പേര് - ബസ് സ്റ്റാൻഡ് യാർഡ് റീ ടാറിംഗ്***

2016-17-ൽ ബസ് സ്റ്റാന്റ് യാർഡ് റീടാറിംഗ് എന്ന പ്രോജക്ട് ഉൾപ്പെടുത്തിയിരുന്നു. ഇത് 21.02.2018-ൽ പൂർത്തിയായി. എന്നാൽ 2018-19-ൽ ഇത് സ്പിൽ ഓവറായി ഉൾപ്പെടുത്തിയിരുന്നില്ല. അതിനാൽ ബിൽ തുക നൽകാൻ കഴിഞ്ഞില്ല. ഈ വർഷം ഇത് സ്പിൽ ഓവറായി ഉൾപ്പെടുത്തി കരാറുകാരന് തുക നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-**

1) സ്പിൽ ഓവറായി ഉൾപ്പെടുത്താൻ ഇത്രയധികം കാലതാമസം വരുത്തിയത് നിർവഹണ ഉദ്യോഗസ്ഥന്റെ വീഴ്ചയാണ് എന്ന് യോഗം വിലയിരുത്തി.
2) ബില്ലും, ചെയ്ത പ്രവൃത്തിയും വിശദമായി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് തീരുമാനമെടുക്കും

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**
**2) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്**

## 4.12 ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റി

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16.03.2020-ലെ കത്തും അനുബന്ധ രേഖകളും (SRG 302/20 - CC/716/2019)**

*പ്രോ.നം : - 378/17* *അടങ്കൽ 1,03,900/- രൂപ*
*(പഴയ നം: 329/16)* *(തനത് ഫണ്ട് )*
***പേര് :- പ്ലാശ്ശീരിക്കളം റോഡ് റീടാറിംഗ്***

2015-16-ൽ 3.00 ലക്ഷം രൂപ ആകെ അടങ്കലിൽ (മെയിന്റനൻസ് ഗ്രാന്റ്- 1,96,100/-, തനത് ഫണ്ട് 1,03,900/- രൂപ) മുകളിൽ പറഞ്ഞ പ്രവൃത്തി ഏറ്റെടുത്തിരുന്നു. 31.12.2015-ന് പ്രവൃത്തി പൂർത്തിയായി. മെയിന്റനൻസ് ഗ്രാന്റായി ഉൾപ്പെടുത്തിയിരുന്ന 1,96,100/- രൂപ 23.03.2016-ന് കരാറുകാരന് നൽകി. തനത് ഫണ്ട് വിഹിതമായി ഉൾപ്പെടുത്തിയിരുന്ന തുക നൽകിയില്ല. ഇത് നൽകാൻ 2016-17-ൽ പ്രോജക്ട് ഉൾപ്പെടുത്തിയിരുന്നുവെങ്കിലും അന്നും തുക നൽകിയില്ല. തുടർന്നുള്ള വർഷങ്ങളിൽ സ്പിൽ ഓവറായി ഉൾപ്പെടുത്തിയില്ല. ഇപ്പോൾ ഇത് സ്പിൽഓവറായി ഉൾപ്പെടുത്തി ബിൽ തുക നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** 1) പ്രോജക്ട് തയ്യാറാക്കി 2015-16-ൽ തന്നെ പ്രവൃത്തി പൂർത്തിയാക്കുകയും മെയിന്റനൻസ് ഗ്രാന്റ് വിഹിതം കരാറുകാരന് നൽകുകയും ചെയ്തു എങ്കിലും ബാക്കി തുക ഇതുവരെയും നൽകാൻ നടപടി സ്വീകരിക്കാത്തത് നിർവഹണ ഉദ്യോഗസ്ഥന്റെ വീഴ്ചയാണ്.

2) ബില്ലും ചെയ്ത പ്രവൃത്തിയും വിശദമായി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് തീരുമാനമെടുക്കും.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**2) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്**

## 4.13 കുത്താളി ഗ്രാമപഞ്ചായത്ത്

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ13.03.2020-ലെ കത്ത് (SRG 292/20 CC/47/2020)**

ലൈഫ് ഭവന പദ്ധതി ( ഭൂമിയുള്ള ഭവന രഹിതർ) യിൽ ശ്രീ. ഗിരീഷ് കാപ്പുങ്കര എന്ന ആൾ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നു. 2008-09-ൽ പട്ടികജാതി വികസന വകുപ്പിൽ നിന്നും ആകെ 63,750/- രൂപ ഭവന നിർമ്മാണത്തിന് ഇദ്ദേഹം കൈപ്പറ്റിയിരുന്നു. (അവസാന ഗഡു 10.09.2009ൽ). 2013-ൽ ഉണ്ടായ കാലവർഷ ക്കെടുതിയിൽ വീട് പൂർണ്ണമായും തകർന്നു. ഇപ്പോൾ സ്വന്തമായി വീടില്ല. ഇദ്ദേഹത്തിന് വീട് നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നല്കുന്നു.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.14 തുറവൂർ ഗ്രാമപഞ്ചായത്ത്

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 29.4.2020-ലെ കത്തും അനുബന്ധ രേഖകളും (SRG 340/20 - CC/416/2020)**

***പ്രോ.നം : - 52/21*** ***അടങ്കൽ 2,00,000/- രൂപ***

***( വികസന ഫണ്ട്)***

***പേര് - എയ്ഡഡ് സ്കൂളിലെ വിദ്യാർത്ഥികൾക്ക് സ്റ്റീൽ വാട്ടർ ബോട്ടിൽ വാങ്ങി നൽകൽ***

പഞ്ചായത്ത് പരിധിയിലെ എയ്ഡഡ് സ്കൂളുകളിൽ ഒന്നു മുതൽ നാലുവരെ പഠിക്കുന്ന കുട്ടികൾക്ക് സ്റ്റീൽ വാട്ടർ ബോട്ടിൽ വാങ്ങി നൽകുന്നതിന് അനുമതി സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നിരസിച്ചു

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.15 വയനാട് ജില്ലാ പഞ്ചായത്ത്

**വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15.4.2020-ലെ കത്തും വയനാട് ജില്ലാ പഞ്ചായത്ത് ഭരണ സമിതിയുടെ 27.03.2020-ലെ 4(1) -ാം നമ്പർ ഭരണസമിതി തീരുമാനവും (SRG 338/20 - CC/411/2020)**

***പ്രോ.നം : - 219/21*** ***അടങ്കൽ 1,60,00,000/- രൂപ***

***( വികസന ഫണ്ട് - 1,00,00,000/-***

***ഗ്രാമപഞ്ചായത്ത് വിഹിതം - 52,00,000/-***

***ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 8,00,000/-)***

***പേര് - ജീവനം പദ്ധതി - ഡയാലിസിസ് രോഗികൾക്ക് ധനസഹായം***

2019-20-ൽ ജില്ലാ പഞ്ചായത്ത് നടപ്പാക്കിയ ജീവനം പദ്ധതി പ്രകാരം ഡയാലിസിസ് ചെയ്യുന്ന രോഗികൾക്ക് പ്രതിമാസം 3000/- രൂപ വീതം നൽകാൻ 06.12.2019-ലെ കോഓർഡിനേഷൻ കമ്മിറ്റി അനുമതി നൽകിയിരുന്നു. ഈ തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നൽകുന്നതിനു പകരം ഡയാലിസിസ് നടത്തുന്ന ആശുപത്രിക്ക് കൈമാറുന്ന രീതിയിൽ പ്രോജക്ട് നടപ്പാക്കാനായിരുന്നു അനുമതി. ഈ വർഷം ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുമായി ചേർന്നാണ് പ്രോജക്ട് നടപ്പാക്കുന്നത്. ഈ പ്രോജക്ട് പ്രകാരം തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് കൈമാറാനായി വീണ്ടും അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. കൂടാതെ കഴിഞ്ഞ വർഷം പൊതു ജനങ്ങളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച തുകയും ഇപ്രകാരം ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നൽകാൻ അനുമതിയും ആവശ്യപ്പെട്ടിരിക്കുന്നു. 40 രോഗികൾ വീട്ടുകളിലാണ് ഡയാലിസിന് ചെയ്യുന്നതെന്നും അറിയിച്ചിട്ടുണ്ട്. മുകളിൽ പറഞ്ഞവയ്ക്ക് അനുമതി സംബന്ധിച്ച്

**തീരുമാനം :-** 1) അനുമതി നിരസിച്ചു. ധനസഹായ തുക ഡയാലിസിസ് നടത്തുന്ന ആശുപത്രിക്ക് നൽകേണ്ടതാണ്.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.16 ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത്

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.03.2020-ലെ കത്തും ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 05.03.20-ലെ A2-592/20-ാം നമ്പർ കത്തും. (SRG 316/20 - CC/337/2020)**

ശ്രീ. അഷറഫ്, പുത്തൻ കണ്ടത്തിൽ എന്നയാൾക്ക് ഇ.എം.എസ് ഭവന പദ്ധതി പ്രകാരം 75,000/- രൂപ ഭവന നിർമ്മാണത്തിന് ലഭിച്ചു. വീട് നിർമ്മാണം പൂർത്തിയാക്കിയെങ്കിലും പ്രകൃതിക്ഷോഭത്തിൽ വീട് തകർന്നുപോയി. ഇദ്ദേഹം ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ ഉണ്ട്. ഇ.എം.എസ് ഭവന പദ്ധതി പ്രകാരം കൈപ്പറ്റിയ തുക പലിശയടക്കം (1,59,854/- രൂപ ) 5.03.2020-ൽ പഞ്ചായത്തിൽ തിരികെ അടച്ചു. നിലവിൽ ഭവനരഹിതനാണ്. ലൈഫ് പദ്ധതി പ്രകാരം ധനസാഹായം നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** പ്രകൃതിക്ഷോഭത്താൽ തകർന്ന വീടാണെങ്കിൽ എന്തുകൊണ്ടാണ് ഇരട്ടിയിലധികം തുക (പലിശയടക്കം) തിരികെ അടച്ചു എന്നത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.ബി.) വകുപ്പ്**

**2) പഞ്ചായത്ത് ഡയറക്ടർ**

## 4.17 പള്ളിപ്പാട് ഗ്രാമപഞ്ചായത്ത്

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.03.2020-ലെ കത്തും പള്ളിപ്പാട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 01.01.2020-ലെ തീരുമാനവും (SRG 314/20 - CC/210/2020)**

***പ്രോ.നം : - 136/20*** ***അടങ്കൽ 16,00,000/- രൂപ***
***( ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച വിഹിതം)***

***പേര് - ആശ്രയ പദ്ധതി ഭവന നിർമ്മാണം***

ആശ്രയ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിന് വിവിധ കാലയളവുകളിലായി (2014-15 മുതൽ) ആലപ്പുഴ ജില്ലാ പഞ്ചായത്തിൽ നിന്ന് വിഹിതം ലഭിച്ചിരുന്നു. ഹരിപ്പാട് മുനിസിപ്പാലിറ്റി രൂപീകരിച്ചപ്പോൾ ചില ഗുണഭോക്താക്കൾ മുനിസിപ്പൽ പ്രദേശത്തായി. അതിനാൽ മുഴുവൻ തുകയും ചെലവഴിക്കാൻ കഴിഞ്ഞില്ല. ഇങ്ങനെ 16.25 ലക്ഷം രൂപ CDS അക്കൗണ്ടിൽ ഉണ്ട്. ഭവന രഹിതരായ അഞ്ച് ആശ്രയ ഗുണഭോക്താക്കളിൽ നിന്നും 4 പേർക്ക് ഭവനം നിർമ്മിച്ചു നൽകാൻ ഈ തുക ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ഇവർ ലൈഫ് ലിസ്റ്റിൽ ഇല്ലായെങ്കിലും ആശ്രയ ഗുണഭോക്താക്കൾ ആയതിനാൽ അനുമതി നൽകുന്നു

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.18 വേങ്ങര ബ്ലോക്ക് പഞ്ചായത്ത്

**വേങ്ങര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 29.10.2019-ലെ കത്ത് (SRG 230/20 - LSGD- DD2/409/ 2019-LSGD)**

2017-18 ൽ ''വലിയോറ കിഴക്കേ കനാൽ പുനർ നിർമ്മാണം'' എന്ന പ്രവൃത്തിക്ക് 40,00,000/- രൂപ മൈനർ ഇറിഗഷൻ വകുപ്പിന് ബ്ലോക്ക് പഞ്ചായത്ത് ഡെപ്പോസിറ്റ് ചെയ്തിരുന്നു. എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരിച്ച് 30,44,685/- രൂപയുടെ വിനിയോഗ സർട്ടിഫിക്കറ്റ് മൈനർ ഇറിഗേഷൻ വകുപ്പ് നൽകി. മൈനർ ഇറിഗേഷൻ വകുപ്പിൽ ശേഷിക്കുന്ന 9,55,315/- രൂപ ഉപയോഗിച്ച് മുകളിൽ പറഞ്ഞ പ്രവൃത്തിയുടെ ബാക്കി ഭാഗം കൂടി ചെയ്യാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നൽകുന്നു

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

## 4.19 എറണാകുളം ജില്ലാ പഞ്ചായത്ത്

**എറണാകുളം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 26.07.2019-ലെ കത്തും എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.11.2019-ലെ 61139/18/DPC/DPO/EKM കത്തും (SRG 228/20 -LSGD/DA1/270/2019/LSGD**

ജില്ലയിൽ ത്രിതല പഞ്ചായത്തുകൾ വിവിധ വർഷങ്ങളിലായി നിരവധി കാർഷികോപകരണങ്ങൾ വാങ്ങി പാടശേഖര സമിതികൾ, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, കാർഷിക കർമ്മസേനകൾ, മറ്റു കർഷക ഗ്രൂപ്പുകൾ തുടങ്ങിയവയ്ക്ക് നൽകിയിട്ടുണ്ട്. അവയിൽ പലതും ഇപ്പോൾ പ്രവർത്തനക്ഷമമല്ല. മാർഗ്ഗരേഖ പ്രകാരം ഈ ഉപകരണങ്ങളുടെ സംരക്ഷണ ചെലവ് , അറ്റകുറ്റപ്പണികൾ അതത് സമിതികളാണ് വഹിക്കേണ്ടത്. പല സമിതികൾക്കും ഫണ്ട് ഇല്ലാത്തതിനാൽ ഇത്തരം ഉപകരണങ്ങൾ അറ്റകുറ്റപ്പണി ചെയ്യാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ മുഖേന റിപ്പയറിംഗ് ചെയ്യണമെന്ന നിബന്ധന യോട പ്രത്യേക അനുമതി നൽകുന്നു

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.20 കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ ലിമിറ്റഡ്

**കേരള അഗ്രോ മെഷീനറി കോർപ്പറേഷൻ ലിമിറ്റഡ് (KAMCO) മാനേജിംഗ് ഡയറക്ടറുടെ 19.05.20-ലെ കാംകോ/എം.ഡി/ഡി.ഐ.എസ്/2020-നമ്പർ കത്ത് ( SRG 373/20)**

കോവിഡ് 19 പ്രതിരോധത്തിന്റെ ഭാഗമായി ഒരു പെഡൽ ഓപ്പറേറ്റഡ് സാനിറ്റൈസർ' KAMCO വികസിപ്പിച്ചിട്ടുണ്ട്. ഈ ഉപകരണം തദ്ദേശഭരണ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ ഉപയോഗിക്കാൻ നിർദ്ദേശം നൽമെന്നാവശ്യ പ്പെട്ടിരിക്കുന്നു. 500ml. സാനിറ്റൈസർ ഉൾപ്പെടെ ഈ ഉപകരണ ത്തിന്റെ ആകെ വില നികുതിയടക്കം 1250/- രൂപയാണ്.

**തീരുമാനം :-** അനുമതി നൽകുന്നു.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

## 4.21 വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ കേരളം (VFPCK)

**വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ കേരളം (VFPCK) ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 13.15.20-ലെ 1R2/VFPCK/IRG/Communication /2018-19/2226-ാം നമ്പർ കത്ത് ( SRG 374/20)**

ജനകീയാസൂത്രണം ഉൾപ്പെടെയുള്ള വിവിധ പദ്ധതികൾക്കായി വിതരണം ചെയ്യുന്നതിന് വിത്ത്, നടീൽ വസ്തുക്കൾ മറ്റ് ജൈവോത്പാദനോപധികൾ എന്നിവ VFPCK ലഭ്യമാക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ VFPCK യെ ഇത്തരം സേവനങ്ങളുടെ അക്രഡിറ്റഡ് ഏജൻസിയായി ഉൾപ്പെടുത്തണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** VFPCK യിൽ നിന്നു വിത്ത്, നടീൽ വസ്തുക്കൾ, ഗ്രോ ബാഗ് എന്നിവ വാങ്ങാൻ അനുമതി നൽകുന്നു.

**നടപടി :- 1) തദ്ദേശസ്വയംഭരണ ( ഡി.എ ) വകുപ്പ്**

## 4.22 കുടുംബശ്രീ

**കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 21.05.2020-ലെ കുറിപ്പ് ( SRG /372/20)**

തദ്ദേശഭരണ സ്ഥാപനങ്ങൾ 'ശാരീരിക അകലം സമൂഹ ഒരുമ' എന്ന ആശയം മുൻനിർത്തി ജനങ്ങൾ സാമൂഹിക അകലം പാലിക്കുന്നതിന് കുടയുടെ ഉപയോഗം സാർവത്രികമാക്കുന്നതിനുള്ള കാമ്പയിൻ തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടത്തുന്നതിന് ഉദ്ദേശിക്കുന്നു. കുടുംബശ്രീക്ക് 100 ലധികം കുട നിർമ്മാണ യൂണിറ്റുണ്ട്. കുടുംബശ്രീ യൂണിറ്റുകൾ നിർമ്മിക്കുന്ന കുടകൾ

തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കുടുംബശ്രീ അംഗങ്ങൾക്കും നിർധനരായ കുടുംബങ്ങൾക്കും നൽകാനും അതുവഴി സാമൂഹിക അകലം എന്ന ആശയം കുടുംബങ്ങളിൽ എത്തിക്കാനും കുടുംബശ്രീ സംരംഭകർക്ക് വിപണി ഉറപ്പു വരുത്താനും ഉദ്ദേശിക്കുന്നു. സമൂഹത്തിൽ വാങ്ങൽ ശേഷി കുറഞ്ഞു നിൽക്കുന്നതിനാൽ കുടകൾക്ക് 20 ശതമാനം സബ്സിഡി തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകുന്നതിന് അനുമതി സംബന്ധിച്ച്

**തീരുമാനം :-** കുടുംബശ്രീ, സി.ഡി.എസ്. മുഖേന വിൽക്കുന്ന കുടകൾക്ക് 20 ശതമാനം സബ്സിഡി നൽകുന്നതിന് അനുമതി നൽകുന്നു. വിൽക്കുന്ന കുടകളുടെ എണ്ണമനുസരിച്ച് സബ്സിഡി തുക CDS നു കൈമാറേണ്ടതാണ്.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

## 4.23 വാഴൂർ ഗ്രാമപഞ്ചായാത്ത്

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.05.2020-ലെ കത്ത് ( SRG 353/20 - CC/405/20)**

***പ്രോ.നം. 131/21*** ***അടങ്കൽ - 12,77,400/- രൂപ (തനത് ഫണ്ട്)***

***പേര് - വാഴൂർ കുടുംബാരോഗ്യ കേന്ദ്രത്തിലെ അധിക സ്റ്റാഫുകൾക്ക് വേതനം***

വാഴൂർ ഗ്രാമപഞ്ചായത്തിലെ പി.എച്ച്.സി.യെ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തിയതാണ്. ഈ കേന്ദ്രത്തിന്റെ ഉച്ചകഴിഞ്ഞുള്ള പ്രവർത്തനത്തിന് സർക്കാർ ഉത്തരവനുസരിച്ച് ഒരു ഡോക്ടറേയും പാരാമെഡിക്കൽ സ്റ്റാഫിനേയും കരാറടിസ്ഥാനത്തിൽ അധികമായി നിയമിച്ചിട്ടുണ്ട്. ഇതിനു പുറമെ സർക്കാർ അനുമതിയോടെ (17.09.2019-ലെ 2001/2019/തസ്വഭവ നമ്പർ ഉത്തരവ്) ഒരു സ്റ്റാഫ് നേഴ്സിനെ കൂടി കഴിഞ്ഞ വർഷത്തേയ്ക്ക് നിയമിച്ചിരുന്നു. ഈ വർഷം കൂടി ഒരു സ്റ്റാഫ് നേഴ്സിനെ നിയമിക്കാൻ അനുമതി സംബന്ധിച്ച്. (പ്രോജക്ടിന്റെ അടങ്കൽ തുക അധികമായി നിയമിക്കുന്ന എല്ലാ സ്റ്റാഫിനും കൂടി ചേർത്താണ്)

**തീരുമാനം :-** ഈ വർഷത്തേയ്ക്ക് കൂടി അനുമതി നൽകുന്നു.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ്**

## 4.24 മരുതറോഡ് ഗ്രാമപഞ്ചായാത്ത്

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.05.2020-ലെ കത്ത് ( SRG 351/20 - CC/414/20)**

***പ്രോ.നം. 190/21*** ***അടങ്കൽ - 2,00,000/- രൂപ (തനത് ഫണ്ട്)***

***പേര് - CC TV സ്ഥാപിക്കൽ***

മരുതറോഡ് ഗ്രാമപഞ്ചായത്തിൽ NH-544 കനാൽ സൈഡ് റോഡ് മുതൽ കൽമണ്ഡപം കനാൽവരെയും പഞ്ചായത്ത് ഓഫീസ് കനാൽ സൈഡ് മുതൽ കോഴിക്കോട് ബൈപാസ് വരെയുള്ള സ്ഥലത്ത് CCTV സ്ഥാപിക്കാനുള്ള പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** പ്രത്യേക അനുമതി നൽകുന്നു.

**നടപടി :- 1) തദ്ദേശസ്വയംഭരണ ( ഡി.എ) വകുപ്പ്**

## 4.25 ഭരണങ്ങാനം ഗ്രാമപഞ്ചയാത്ത്

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.05.2020-ലെ കത്തും ഭരണങ്ങാനം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 14.08.20-ലെ A1-1/2019-ാം നമ്പർ കത്തും ( SRG 355/20 - CC/441/20)**

*പ്രോ.നം. 80/21* *അടങ്കൽ - 6,00,000/- രൂപ (CFC)*

***പേര് - ശുചിത്വ പരിപാലനത്തിനായി പഞ്ചായത്തിലെ വിവിധ മേഖലകളിൽ നൈറ്റ് വിഷൻ ക്യാമറ സ്ഥാപിക്കലും നിലവിലുള്ള ക്യാമറകളുടെ അറ്റകുറ്റപ്പണിയും എ.എം.സി എടുക്കലും***

പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ പുതിയതായി നൈറ്റ് വിഷൻ ക്യാമറ സ്ഥാപിക്കാനും നിലവിലെ ക്യാമറകളുടെ അറ്റകുറ്റപ്പണിക്കുള്ള എ.എം.സി. എടുക്കാനുള്ള പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതി അംഗീകാരം നൽകിയില്ല. കോഓർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേകാനുമതി സംബന്ധിച്ച്

**തീരുമാനം :-** അനുമതി നിരസിച്ചു

**നടപടി :- 1) തദ്ദേശസ്വയംഭരണ ( ഡി.എ) വകുപ്പ്**

## 4.26 മീനടം ഗ്രാമപഞ്ചയാത്ത്

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.05.2020-ലെ കത്തും മീനടം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 12.5.2020-ലെ A3-3043/2019-ാം നമ്പർ കത്തും ( SRG 356/20 - CC/439/20)**

*പ്രോ.നം. 12/21* *അടങ്കൽ - 5,50,000/- രൂപ (CFC)*

***പേര് - പഞ്ചായത്ത് കോൺഫറസ് ഹാൾ ഫർണിഷിംഗ്***

ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് കോൺഫറൻസ് ഹാൾ ഫർണിഷ് ചെയ്യാനുള്ള പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതി അംഗീകാരം നൽകിയില്ല. കോഓർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേകാനുമതി സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നിരസിച്ചു.

**നടപടി :- 1) തദ്ദേശസ്വയംഭരണ ( ഡി.എ) വകുപ്പ്**

## 4.27 വെളിയന്നൂർ ഗ്രാമപഞ്ചയാത്ത്

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.05.2020-ലെ കത്ത് ( SRG 359/20 - CC/413/20)**

*പ്രോ.നം. 14/20* *അടങ്കൽ - 2,00,000/- രൂപ*
*(നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ്)*

***പേര് - ABC പദ്ധതി ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ***

ജില്ലാ പഞ്ചായത്തിന്റെ സംയുക്ത പ്രോജക്ടായ ABC പദ്ധതിക്ക് ജില്ലാ പഞ്ചായത്തിന് വിഹിതം അടയ്ക്കാൻ പ്രോജക്ട് തയ്യാറാക്കിയിരുന്നുവെങ്കിലും മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) ആയതിനാൽ ജില്ലാ ആസൂത്രണസമിതി അംഗീകാരം നൽകിയില്ല. കോഓർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേക അനുമതി സംബന്ധിച്ച്

**തീരുമാനം :-** മെയിന്റനൻസ് ഗ്രാന്റ് ഇതിനായി ഉപയോഗിക്കാവുന്നതല്ല. അനുമതി നിരസിച്ചു.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.28 വെളിയന്നൂർ ഗ്രാമപഞ്ചയാത്ത്

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.05.2020-ലെ കത്ത് ( SRG 360/20 - CC/412/20)**

*പ്രോ.നം. 75/20* *അടങ്കൽ - 5,08,000/- രൂപ*
*(നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് )*

***പേര് - ആർദ്രം പദ്ധതി - ഡോക്ടറെയും പാരാമെഡിക്കൽ സ്റ്റാഫിനേയും നിയമിക്കൽ***

വെളിയന്നൂർ പി.എച്ച്.സി.യിൽ അധികമായി ഡോക്ടറേയും പാരാമെഡിക്കൽ സ്റ്റാഫിനേയും നിയമിക്കാൻ പ്രോജക്ട് തയ്യാറാക്കിയിരുന്നു. ഇതിനായി നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റാണ് ഉൾപ്പെടുത്തിയിരിക്കുന്നത് എന്നതിനാൽ ജില്ലാ ആസൂത്രണസമിതി അനുമതി നിരസിച്ചു. പ്രത്യേകാനുമതി സംബന്ധിച്ച്.

**തീരുമാനം :-** മെയിന്റനൻസ് ഗ്രാന്റ് ഇതിനായി ഉപയോഗിക്കാവുന്നതല്ല. അനുമതി നിരസിച്ചു.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ്**

## 4.29 കേരള റൂറൽ എംപ്ലോയ്മെന്റ് വെൽഫെയർ സൊസൈറ്റി

**കേരള റൂറൽ എംപ്ലോയ്മെന്റ് വെൽഫെയർ സൊസൈറ്റി ചെയർമാന്റെ 23.05.20 ലെ G.L.M/D/92/20 -ാം നമ്പർ കത്ത്.**

കേരള റൂറൽ എംപ്ലോയ്മെന്റ് വെൽഫെയർ സൊസൈറ്റിയുടെ (KREWS) കീഴിൽ പ്രവർത്തിച്ചുവരുന്ന കഞ്ചിക്കോട് ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ 33 കുടുംബശ്രീ പ്രവർത്തകർ ജോലി ചെയ്യുന്നുണ്ട്. ഇവർ മുഖേന WHO നിശ്ചയിച്ച ഫോർമുലയിലും

ഗുണമേന്മയിലും സാനിറ്ററൈസർ നിർമ്മിക്കാൻ അനുമതി സംബന്ധിച്ച്. രണ്ടു രീതിയിലുള്ള നിർമ്മാണ രീതിയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഒന്ന് എഥനോൾ/ആൽക്കഹോൾ അടിസ്ഥാനമാക്കിയും രണ്ടാമത്തേത് ഐസോ പ്രൊപ്പൈൽ ആൽക്കഹോൾ അടിസ്ഥാനമാക്കിയും.

**തീരുമാനം :-** എക്സൈസ് അടക്കമുള്ള വകുപ്പുകളുടെ അനുമതി ആവശ്യമുണ്ടെങ്കിൽ വാങ്ങേണ്ടതാണെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഐ.ബി) വകുപ്പ്**

**4.30 വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത്**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 20.05.20 ലെ കത്തും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 05.05.20 ലെ 531/20(1) നമ്പർ കത്തും** (SRG 366/20-CC 427/20)

***പ്രോജക്ട് നമ്പർ - 21/21*** ***അടങ്കൽ 19,79,000/- രൂപ (SCP)***

***പേര് - എസ്.സി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ***

വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള 5 ഗ്രാമപഞ്ചായത്തുകളിലായി 395 പട്ടികജാതി വിഭാഗത്തിലെ കുട്ടികൾക്ക് മേശയും കസേരയും വാങ്ങി നൽകുന്നതിനുള്ള ഈ പ്രോജക്ടിന് കുട്ടികളുടെ ക്ഷേമത്തിനു വേണ്ടി മാറ്റി വച്ചിരിക്കുന്ന 5 ശതമാനം തുകയാണ് ഉപയോഗിച്ചിരിക്കുന്നത്. വ്യക്തിഗത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിനുള്ള പ്രോജക്ട് ആയതിനാൽ ജില്ലാ ആസൂത്രണസമിതി ഇതിനു അനുമതി നിരസിച്ചു. പ്രത്യേകാനുമതി സംബന്ധിച്ച്

**തീരുമാനം :-** ഏതൊക്കെ പഞ്ചായത്തുകളിൽ ഏതൊക്കെ സ്കൂളിലെ കുട്ടികൾക്കാണ് ഫർണിച്ചർ നൽകുന്നതെന്ന് വ്യക്തമാക്കി സമർപ്പിക്കണം. ഫർണിച്ചറുകൾ ഏതൊക്കെയാണെന്നും നിർവഹണ രീതി ഏങ്ങനെയാണെന്നും വ്യക്തമാക്കണം. ഇതുൾപ്പെടുത്തി സമർപ്പിക്കുന്ന മുറയ്ക്ക് പരിഗണിക്കും.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**4.31 കടയ്ക്കൽ ഗ്രാമപഞ്ചായത്ത്**

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.05.20 ലെ കത്തും 23.03.20 ലെ 2(2)-ാം നമ്പർ ഭരണസമിതി തീരുമാനവും. (SRG 365/20 CC/448/20)**

02.03.2019 ലെ 500/19/തസ്വഭവ ഉത്തരവു പ്രകാരം വരൾച്ചാ ബാധിത പ്രദേശത്ത് കുടിവെള്ള വിതരണത്തിന് 31.03.19 വരെ 5.50 ലക്ഷം രൂപയും 01.04.2019 മുതൽ 31.05.19 വരെ 11.00 ലക്ഷം രൂപയുമാണ് ചെലവഴിക്കാവുന്നത്. 31.03.19 വരെയുള്ള കാലഘട്ടത്തിൽ ആകെ 54,400/- രൂപയാണ് ചെലവ്. എന്നാൽ 31.03.19 മുതൽ 31.05.20 വരെ കുടിവെള്ള വിതരണത്തിന് 13,97,533/-

രൂപയാണ് ചെലവായത്. അധികമായി 2,97,533/- രൂപ ചെലവഴിച്ചു. ഈ തുക നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ജില്ലാ കളക്ടറിൽ നിന്ന് ഈ തുക ലഭിക്കുന്നില്ലെങ്കിൽ തനതുഫണ്ട് ഉപയോഗിക്കുന്നതിന് അനുമതി നൽകുന്നു.

**നടപടി :- 1) തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

**4.32കടയ്ക്കൽ ഗ്രാമപഞ്ചായത്ത്**

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.05.20 ലെ കത്ത്.** (SRG 364/20-CC415/20)

***പ്രോജക്ട് നം. 93/21*** ***അടങ്കൽ 10,00,000/- രൂപ***

***(വികസനഫണ്ട്- 8,50,000/- രൂപ***

***തനത് ഫണ്ട് - 1,50,000/- രൂപ)***

***പേര് :-ഹരിതകർമ്മസേനയ്ക്ക് വാഹനം വാങ്ങൽ***

ഹരിതകർമ്മസേനയ്ക്ക് വാഹനം വാങ്ങുന്നതിനുള്ള ഈ പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതി അനുമതി നിരസിച്ചു. കോർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേകാനുമതി സംബന്ധിച്ച് .

**തീരുമാനം :-** ഇതിന്റെ അറ്റകുറ്റപ്പണി, ദൈനംദിന ചെലവ് എന്നിവ ഹരിത കർമ്മസേന വഹിക്കണം എന്ന നിബന്ധനയോടെ അനുമതി നൽകുന്നു. മാലിന്യം ശേഖരിക്കാൻ പരപ്യാപ്തമായ വാഹനമായിരിക്കണം വാങ്ങേണ്ടത്.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.33 പുളിങ്കുന്ന് ഗ്രാമപഞ്ചായത്ത്**

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 20.05.2020 ലെ കത്തും പുളിങ്കുന്ന് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 07.05.20 ലെ 2(1)-ാം നമ്പർ തീരുമാനവും** (SRG 368/20-CC/446/20)

***പ്രോജക്ട് നം. 108/21*** ***അടങ്കൽ 1,00,000/- രൂപ***

***(SCP)***

***പേര് - 8,9,10 ക്ലാസ്സിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകൽ***

ഹൈസ്കൂളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകുന്നതിനുള്ള ഈ പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതി അനുമതി നൽകിയില്ല. കോർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേകാനുമതി സംബന്ധിച്ച്

**തീരുമാനം :-** പുളിങ്കുന്ന് ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക സാഹചര്യം പരിഗണിച്ച് അനുമതി നൽകുന്നു.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.34 കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ ലിമിറ്റഡ്

**കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ ലിമിറ്റഡ് (കാംകോ) മാനേജിംഗ് ഡയറക്ടറുടെ 21.05.2020 -ലെ കാംകോ/MD/GD/മാർക്കറ്റിംഗ് നമ്പർ കത്ത്** (SRG 376/20 )

അഗ്രി ടൂൾ കിറ്റുകൾ കുറഞ്ഞ വിലയിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കാംകോ കാർഷിക ഉപകരണങ്ങൾ വിപണിയിലെത്തിക്കാൻ ഉദ്ദേശിക്കുന്നു. പൊതു വിപണിയിൽ 1586/- രൂപ വിലവരുന്ന ഉപകരണങ്ങൾ 999/- രൂപയ്ക്കും 29,000/- രൂപ വിലവരുന്ന ഉപകരണങ്ങൾ 24,000/-രൂപയ്ക്കുമാണ് വിപണിയിലെത്തിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കണമെന്നത് സംബന്ധിച്ച്

**തീരുമാനം :-** 1) കിറ്റിലുള്ള ഉപകരണങ്ങൾ ഏതൊക്കെയാണെന്നറിയിച്ചിട്ടില്ല.

2) Store Purchase Departmentന്റെ കൂടി അഭിപ്രായമാരാഞ്ഞ് പിന്നീട് പരിഗണിക്കും. കിറ്റിലുള്ള ഉപകരണങ്ങൾ ഏതൊക്കെയാണെന്ന് കാംകോ വ്യക്തമാക്കി നൽകണം.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ്**

## 4.35 ബഹു.പൊതു വിദ്യാഭ്യാസ വകുപ്പ മന്ത്രിയുടെ 15.06.2020-ലെ 191/2000/M(Edn) നമ്പർ കത്ത് SRG /377/20 - CC/439/20)

കൊവിഡ് 19-ന്റെ പശ്ചാത്തലത്തിൽ സാധാരണപോലെ ജൂൺ 1 മുതൽ വിദ്യാലയങ്ങൾ ക്ലാസ് തുടങ്ങാൻ സാധിക്കില്ല. അതിനാൽ 1 മുതൽ 12 വരെയുള്ള ക്ലാസ്സുകളിലെ മുഴുവൻ കുട്ടികൾക്കും ഓൺലൈൻ ക്ലാസ്സ് നൽകാൻ പൊതു വിദ്യാഭ്യാസ വകുപ്പ് ഉദ്ദേശിക്കുന്നു. ഈ സാഹചര്യത്തിൽ ഓരോ ഗ്രാമപഞ്ചായത്ത്/ നഗരസഭാ പരിധിയിലും ഓൺലൈൻ ക്ലാസ്സിൽ പങ്കെടുക്കാൻ കഴിയാത്ത വിദ്യാർത്ഥികളെ കണ്ടെത്തി അവർക്ക് ആവശ്യമായ സൗകര്യങ്ങൾ സ്പോൺസറിംഗിലൂടെയും മറ്റും ഉറപ്പ വരുത്തണമെന്ന് തദ്ദേശഭരണ സ്ഥാപനങ്ങളോട് നിർദ്ദേശിക്കണമെന്നു സംബന്ധിച്ച്

**തീരുമാനം :-** എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ഇതനുസരിച്ച് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.36 തലക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 26.05.20 ലെ കത്ത് (SRG 378 – 120)

തലക്കാട് ഗ്രാമപഞ്ചായത്തിന്റെ 2020-21 ലെ വാർഷിക പദ്ധതിക്ക് 21.04.20 ൽ കൂടിയ ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകിയിരുന്നു. എന്നാൽ പഞ്ചായത്തിലെ രണ്ടു വാർഡുകളിൽ ഗ്രാമസഭകൾക്ക് ക്വാറം ഉണ്ടായിരുന്നില്ല എന്ന പരാതിയിന്മേൽ 26.05.20 ൽ കൂടിയ ജില്ലാ ആസൂത്രണ സമിതി വാർഷിക പദ്ധതികളുടെ അംഗീകാരം റദ്ദാക്കി. ക്വാറം തികയാത്ത ഗ്രാമസഭകൾ വീണ്ടും നടത്തുന്നതിന് ഭരണസമിതി തീരുമാനമെടുത്തിരുന്നുവെങ്കിലും കോവിഡ്

പശ്ചാത്തലത്തിൽ പ്രസ്തുത ഗ്രാമസഭകൾ ചേരാൻ കഴിഞ്ഞില്ല. വാർഷിക പദ്ധതിയുടെ അംഗീകാരം റദ്ദാക്കിയതിനാൽ അടിയന്തിര പ്രാധാന്യമുള്ള പ്രോജക്റ്റുകൾ പോലും നടപ്പാക്കാൻ കഴിയുന്നില്ലെന്നും അതിനാൽ പദ്ധതി നിർവ്വഹണം തുടരാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** 1) കോവിഡ് പശ്ചാത്തലത്തിൽ രണ്ടു വാർഡിലെ ഗ്രാമസഭ ഉടനെ കൂടാൻ സാധിക്കില്ലാത്ത സാഹചര്യത്തിൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നതും 21.04.20 ൽ ജില്ലാ ആസൂത്രണ സമിതി ക്ലിയറൻസ് നൽകുകയും ചെയ്ത പ്രോജക്റ്റുകളുടെ നിർവ്വഹണം തുടരാൻ പ്രത്യേക അനുമതി നൽകുന്നു.

2) ഗ്രാമസഭകൾ കൃത്യമായി ചേർന്നു എന്ന് പഞ്ചായത്തു സെക്രട്ടറി തെറ്റായി റിപ്പോർട്ട് ചെയ്തതിന്മേൽ നടപടി എടുക്കണമെന്ന് 26.05.20 ൽ കൂടിയ ജില്ലാ ആസൂത്രണസമിതി തീരുമാനമെടുത്തിട്ടുണ്ടെന്ന് ജില്ലാ കളക്ടർ 26.05.20-ലെ 40/20-21/DPC/DPO/MPM നമ്പർ കത്തു പ്രകാരം അറിയിച്ചിട്ടുണ്ട് എന്നതും യോഗം പരിശോധിച്ചു. കാര്യങ്ങൾ വിശദമായി പരിശോധിച്ചു റിപ്പോർട്ട് നൽകാൻ പഞ്ചായത്തു ഡയറക്ടറെ ചുമതലപ്പെടുത്തി.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**2) പഞ്ചായത്ത് ഡയറക്ടർ**

## 4.37 ലൈഫ് മിഷൻ

### ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 26.05.2020-ലെ LF2/511/2017-ാം നമ്പർ കത്ത് (SRG 379/20)

ലൈഫ് ഭവന പദ്ധതിക്ക് വികസനഫണ്ടിന്റെ കുറഞ്ഞത് 20 ശതമാനം തുകയെങ്കിലും മാറ്റി വയ്ക്കണമെന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വീട് മെയിന്റനൻസ് കൂടി ചേർത്താണ് ചില തദ്ദേശഭരണ സ്ഥാപനങ്ങൾ ഈ വിഹിതം മാറ്റി വക്കുന്നത്. അറ്റകുറ്റപ്പണി ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുന്നതല്ല. വികസനഫണ്ടിന്റെ 20 ശതമാനം തുക നിർബന്ധമായും ലൈഫ് പദ്ധതിക്ക് തന്നെ ഉപയോഗിക്കണമെന്ന് നിർദ്ദേശം നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** ലൈഫ് പദ്ധതിക്കും വീട് അറ്റകുറ്റപ്പണിയടക്കമുള്ള അടിയന്തിര പ്രവർത്തനത്തിനും പരമാവധി വിഹിതം (20 ശതമാനത്തിലധികം) വകയിരുത്താൻ തദ്ദേശഭരണ സ്ഥാപനങ്ങൾ നടപടി യെടുക്കേണ്ടതാണ്.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**(യോഗം വൈകുന്നേരം 5.00 മണിക്ക് അവസാനിച്ചു)**

**അനുബന്ധം**

1 ബഹു. തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി
2 പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
3 ഡോ.കെ.എൻ. ഹരിലാൽ, മെമ്പർ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്
4 പ്രിൻസിപ്പൽ സെക്രട്ടറി, ഫിനാൻസ് (പ്രതിനിധി)
5 പ്രിൻസിപ്പൽ സെക്രട്ടറി, പ്ലാനിംഗ് ആന്റ് ഇക്കണോമിക്സ് അഫയേഴ്സ് (പ്രതിനിധി)
6 ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്
7 ഡയറക്ടർ, i/c നഗരകാര്യ വകുപ്പ്
8 ഗ്രാമവികസന കമ്മീഷണർ
9 കൃഷി, ഡയക്ടർ
10 അഡീഷണൽ ഡയക്ടർ , ഫിഷറീസ്
11 ഡയറക്ടർ , മൃഗസംരക്ഷണ വകുപ്പ്
12 അഡീഷണൽ രജിസ്ട്രാർ, കോ ഓപ്പറേറ്റീവ് വകുപ്പ്
13 സെക്രട്ടറി, KVIB
14 ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
15 ഡയറക്ടർ, കില
16 ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് ഡിപ്പാർട്ട്മെന്റ്
17 ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
18 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ (പ്രതിനിധി)
19 എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം
20 ഡയറക്ടർ, എസ്.സി. ഡെവലപ്മെന്റ് (പ്രതിനിധി)
21 ഡയറക്ടർ, എസ്.റ്റി. ഡെവലപ്മെന്റ് (പ്രതിനിധി)
22 എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ (പ്രതിനിധി)
23 മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ് (പ്രതിനിധി)
24 ഡയറക്ടർ ജനറൽ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ( പ്രതിനിധി)
25 സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ